കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി12/803/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: 27.07.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി12/803/2019 തിയ്യതി: 27.07.2019

**പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.8.17 മുതൽ 21.2.19 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-02-2019 മുതൽ 05-03-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രമാദേവി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ കെ.ജയദേവൻ | 01-04-2017 മുതൽ 31-3-2018 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ ആഷിഫ്.പി., അസി.സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) | 01-04-17 മുതൽ 28-04-17 വരെ |
| ശ്രീ ഇ.ഹരിദാസൻ | 29-04-17 മുതൽ 31-03-18വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ ആഷിഫ്.പി. | 01-04-17 മുതൽ 31.3.18 വരെ |
| കൃഷിഓഫീസർ | ശ്രീഅജിത്കുമാർ.വി.പി | 01-04-17മുതൽ 30-6-17 വരെ |
| | ശ്രീരാജൻ.പി. | 01-07-17 മുതൽ 31-7-17 വരെ |
| | ശ്രീഅജിത്കുമാർ.വി.പി | 01-08-17 മുതൽ 28-10-17 വരെ |
| | ഒഴിവ്- 29-10-17<br>ശ്രീ ആര്യനാഥ്.വി. | 30.10.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ ജ്യോതിമോൻ. പി.ബി. | 01-04-17 മുതൽ 31-03-18 വരെ |
| വി.ഇ.ഒ | ശ്രീമതി ശാന്തിനി. എൻ.ജി. | 01-04-17 മുതൽ 03-07-17 വരെ |
| ,, | ശ്രീ പരമേശ്വരൻ | 04-07-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി കെ.ഹയറുന്നീസ | 01-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. ശ്രീമതി ഗിരിജ സജീവ് | 01-04-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ശ്രീമതി അനിജ | 01-04-17 മുതൽ 31-3-18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ അനീഷ് നാരായണൻ | 01-04-17 മുതൽ 31-03-18 വരെ |
| ഹെഡ്മാസ്റ്റർ, GLPS | ശ്രീ കെ.വി.ശങ്കരൻ | 01-04-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ | 01-04-17 മുതൽ |

| | | |
|---|---|---|
| | കെ.പി.ബാലകൃഷ്ണൻ | 31-3-18 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

29-3-2017 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27-2-2018 തീയതിയിൽ പാസാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 25-05-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 27.6.2018 മുതൽ 28.6.2018വരെ | കെ.എസ്.എ-പികെഡി.21/1904 (72) /2018 തീയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3440014.50 |
| വരവ് | 55313261.00 |
| ആകെ | 58753275.50 |
| ചെലവ് | 57195669.00 |
| | |

| നീക്കിയിരിപ്പ് | 1557606.50 |
|---|---|

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 7488000 | 7488000 | 7478506 | 9494 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8793627 | 8793627 | 8535282 | 258345 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5049000 | 5049000 | 4272973 # | 776027 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2570355 | 20645 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3464110 | 3464110 | 3232221 | 231889 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 17877466 | 17877466 | 17459030 | 418436 |
| സാക്ഷരത | | 1453 | 56 | 1509 | 0 | 1509 |
| ദുരിതാശ്വാസ നിധി | | 7010 | 319 | 7329 | 0 | 7329 |
| എംജി.എൻ. ആർ.ഇ. ജി.എസ് * | തൊഴിലാളികളുടെ കൂലി | 0 | 16549639 | 16549639 | 16549639 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3858 | 1209301 | 1213159 | 1208930 | 4229 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനംതിരിച്ച് ചേർക്കുക) | ടി.എസ്.സി | 1793<br>543158 | 68<br>258583 | 1861<br>801741 | 0<br>144000 | 1861<br>657741 |
| | ഐസി ഡിഎസ് | 680507 | 396013 | 1076520 | 621512 | 455008 |
| സംസ്ഥാനാവിഷ്കൃത | കേരളോൽസവം | 0 | 15000 | 15000 | 15000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 626 | 580000 | 580626 | 580000 | 626 |
| | ജില്ലാ പഞ്ചായത്ത് | 0 | 50000 | 50000 | 50000 | 0 |
| ബി ഫണ്ട് | തൊഴിൽ രഹിത വേതനം | 0 | 57360 | 57360 | 57360 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1178748 | 5017653 | 6196401 | 4745420 | 1450981 |
| | ട്രഷറി അക്കൗണ്ട്- ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 2179415 | 6541322 | 8720737 | 8802101 | -81364 |

# വാർഷിക കണക്ക പ്രകാരം--3922148/- ആണ്. പിൻവലിച്ച തുക. 350825/- രൂപ സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

* I-7-ന്റെ അടിക്കുറിപ്പ് കാണുക.

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവഴിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 58105172 | 132 | 45684107 | - | 39 | 77 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 132 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 78.6% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച | ചെലവ് % |
|---|---|---|---|---|---|

| | | | | തുക | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2138240 | 1860340 | 87 |
| വി.ഇ.ഒ | 13 | 12 | 4748004 | 3510004 | 74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 1718371 | 1689883 | 98 |
| സെക്രട്ടറി | 31 | 28 | 11922667 | 10237198 | 86 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 700000 | 700000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 3050000 | 2012550 | 66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 425000 | 425000 | 100 |
| എച്ച്.എം | 6 | 6 | 1008000 | 963400 | 95.57 |
| അസി.സെക്രട്ടറി | 10 | 9 | 3467300 | 2122374 | 61 |
| അസി.എഞ്ചിനീയർ | 93 | 59 | 29527590 | 21763358 | 73.7 |
| ആകെ | 171 | 132 | 58105172 | 45684107 | 78.6 |

# 1-7 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3858 | 1209301 | 1213159 | 1208930 | 4229 |
| എം.എൻ.ആർ. ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 16549639 | 16549639 | 16549639 | 0 |

റസിപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-16 -ൽ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 605540/- രൂപയാണ്. തനത് ഫണ്ടിലേക്ക് തൻവർഷം തിരിച്ചടവാക്കിയ 503790/- രൂപ ജേർണൽ എൻട്രി ചെയ്തിട്ടുള്ളതാണ്. ഇത് RP-16 -ൽ അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-14(a)- 17658969/- രൂപയിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 1208930/-(605540+503790), ഇ.എഫ്.എം.എസ് തുക 16549639/-എന്നിവ ഉൾപ്പെടുന്നു.

എം.എൻ.ആർ.ഇ.ജി.എസ് ഓഫിസിലേയ്ക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി 99600/- അഡ്മിൻ ചെലവ് ഉള്ളത് RP 36-ൽ other liabilities എന്ന ഹെഡ്ഡിലാണ് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്. 99600/- രൂപ അഡ്മിൻ ചെലവിൽ വരുന്നതാണ്, ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-14(a) യിലും ടി തുക ഉൾപ്പെടുത്തിയിട്ടില്ല.

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 4871300 | 417 |
| 2 | വിധവാ പെൻഷൻ | 7777600 | 62 |
| 3 | വാർദ്ധക്യകാല പെൻഷൻ | 12670100 | 1044 |
| 4 | വികലാംഗ പെൻഷൻ | 2073000 | 176 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 820000 | 93 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1975/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ രേഖകളും രജിസ്റ്ററുകളും പൊതുവെ എഴുതി സൂക്ഷിച്ചിട്ടുണ്ട്.

- എന്നാൽ പദ്ധതി രൂപീകരണത്തിന് സഹായകമാകും വിധം വിവിധ മേഖലകളിലെ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
- തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, മെയ് ന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. കെ.എസ്.ഇ.ബി

യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.

- സ്റ്റോക്ക് രജിസ്റ്ററുകളിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.

<u>പ്രൊക്യൂർമെന്റ് കമ്മിറ്റി</u>

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള എല്ലാ പ്രൊജക്റ്റുകളുടേയും വാങ്ങൽ നടപടികൾ കമ്മിറ്റി അംഗീകരിച്ചിട്ടില്ല. കൂടാതെ സാമഗ്രികളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് ടീം ഉറപ്പാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല. മേൽ ഉത്തരവനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പ്രൊക്യൂർമെന്റ് ടീം തയ്യാറാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ലോകബാങ്ക് വിഹിതമായി ലഭിച്ച തുകയുടെ 91% തുകയും പഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും ആസ്തികളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുപയോഗിച്ചു എന്നതും നിലവിൽ ISO സർട്ടിഫിക്കേഷൻ ലഭ്യമായി എന്നതും പ്രത്യേകം അഭിനന്ദനാർഹമാണ്.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം വിവിധങ്ങളായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത് ശ്രദ്ധേയമായ നേട്ടങ്ങളാണ്.

- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണ്.

- പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-2-2019-13.2.19 | 1/2019 | 13-2-2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-4-2010 | 2009-10 | 28.05.2010 |

# 1-12 വാർഷിക കണക്കുകകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

1. മെയിന്റനൻസ് റോഡ് ഫണ്ടിന്റെ ആകെ ചെലവ് ACR പ്രകാരം 4272973/- ആണ്. എന്നാൽ വാർഷിക കണക്ക പ്രകാരം 3922148/- ആണ്. അസി. എഞ്ചിനീയർക്ക് അലോട്ട് നൽകിയ 350825/- രൂപ പിൻവലിച്ചെങ്കിലും സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

റസിപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-16 -ൽ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 605540/- രൂപയാണ്. തനത് ഫണ്ടിലേക്ക് തൻവർഷം തിരിച്ചടവാക്കിയ 503790/- രൂപ ജേർണൽ എൻട്രി ചെയ്തിട്ടുള്ളതാണ്. ഇത് RP-16 -ൽ അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-14(a)- 17658969/- രൂപയിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവ് 1208930/-(605540+503790), ഇ.എഫ്.എം.എസ് തുക 16549639/-എന്നിവ ഉൾപ്പെടുന്നു. I-6ലെ എം.എൻ.ആർ.ഇ.ജി.എസ് തുക അഡ്മിനിസ്ട്രേറ്റീവ് ചെലവ് തുക മാത്രമാണ് ചേർത്തിരിക്കുന്നത്. I-6, I-14(a) എന്നീ ഷെഡ്യൂളുകളിലെ MNREGS തുക തുല്യമായിരിക്കണം.

എം.എൻ.ആർ.ഇ.ജി.എസ് ഓഫിസിലേയ്ക്ക് കംമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി 99600/- അഡ്മിൻ ചെലവ് ഉള്ളത് RP 36-ൽ other liabilities എന്ന ഹെഡ്ഡിലാണ് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്. 99600/- രൂപ അഡ്മിൻ ചെലവിൽ വരുന്നതാണ്, ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ I-14(a) യിലും ടി തുക ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽനികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, പൂക്കോട്ടുകാവ് പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ഡിമാന്റ് രജിസ്റ്ററിലെ അപാകത

ഡിമാന്റ് രജിസ്റ്ററിലെ മിക്ക പേജുകളിലെ രേഖപ്പെടുത്തലുകളിലും വെട്ടിത്തിരുത്തലുകളുണ്ട്. ഉദാഹരണത്തിന്, ഡിമാന്റ് രജിസ്റ്ററിലെ 82, 90, 96, 97, 101 പേജ് നമ്പരുകളിൽ അപ്രകാരം വെട്ടിത്തിരുത്തലുകൾ കാണുന്നുണ്ട്.

വെട്ടിത്തിരുത്തലുകൾ ഇല്ലാതെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2.സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

ഡിമാന്റ് രജിസ്റ്റർ പരിശോധിക്കുമ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി കുറവായാണ് ഈടാക്കിയിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | അർദ്ധ വർഷം | രസീതി നം./ തീയതി |
|---|---|---|---|---|---|---|---|
| 16 | ശ്രീമതി.മംഗളം.പി. കല്ലുവഴി ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 64476 | 300 | 600 | 300 | I | 11701101050 തീ. 11.9.17 |
| 16 | ശ്രീ. രാമദാസ്.പി കല്ലുവഴി ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 62814 | 300 | 600 | 300 | I | |
| 16 | ശ്രീമതി.കോമളവല്ലി കല്ലുവഴി ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 62814 | 300 | 600 | 300 | I | |
| 16 | ശ്രീമതി.മംഗളം.പി. കല്ലുവഴി ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 64656 | 300 | 600 | 300 | II | 11701101564 തീ. 1.3.18 |
| 16 | ശ്രീമതി.കോമളവല്ലി.വി.എം. കല്ലുവഴി ബ്രാഞ്ച് പോസ്റ്റ് ഓഫീസ് | 64014 | 300 | 600 | 300 | II | |
| 23 | ദീപ്തി എ.യു.പി.സ്, പുഞ്ചപ്പാടം | 148955 | 300 | 1250 | 250 | II | 11701101128 തീ. 20.9.17 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തുക കുടിശ്ശികയായി കണക്കാക്കിയിട്ടില്ല. ആയതിനാൽ തുക നഷ്ടമായി കണക്കാക്കുന്നു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന (4/ 25.02.2019) നുള്ള മറുപടിയിൽ ടിയാളുകൾക്ക് കത്ത് നല്കി തുക ഈടാക്കി വിവരം

ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.റേഷൻ കടകളുടെ തൊഴിൽ നികുതി ഡിമാന്റ് ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട റേഷൻ കടകളുടെ തൊഴിൽ നികുതി 2017-18 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ 3 റേഷൻ കടകളാണ് ഉള്ളത്.

1. കാട്ടുകുളം സൗത്ത്
2. പൂക്കോട്ടുകാവ് ജംഗ്ഷൻ
3. കല്ലുവഴി

ടി റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

4.സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാൻറ് ചെയ്ത് ഈടാക്കിയിട്ടില്ല

1. മുന്നൂർക്കോട് ക്ഷീരോദ്പാദകസഹകരണസംഘം .
2. കാട്ടുകുളം ക്ഷീരോദ്പാദകസഹകരണസംഘം .
3. കല്ലുവഴി ക്ഷീരോദ്പാദകസഹകരണസംഘം .

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും പഞ്ചായത്തിൽ അടവാക്കിയിട്ടില്ല എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി , കത്ത് നല്കി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

5.കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-2018 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കരാറുകാർ പഞ്ചായത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1. പി.പ്രദീപൻ
2. എം.പി.ബിജു
3. എം.എം.ജോൺ
4. കെ.അരവിന്ദൻ
5. വി.രാജൻ

6. കെ.ടി.ഗോവിന്ദൻക്കുട്ടി
7. കെ.ജി.മോഹൻകുമാർ
8. കെ.ജി.സോമസുന്ദരൻ
9. വി.ശ്രീകുമാരൻ
10. ഇ.കെ.സുരേഷ്.

ടി കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അപ്രകാരം , മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 ഡി & ഒ ലൈസൻസ് രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ

ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 68 സ്ഥാപനങ്ങളാണ് 2017-18 വർഷത്തിൽ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളത്.

1. പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/25.02.2019) ലഭിച്ച മറുപടിയിൽ, 2018-19 കാലയളവിലെ ലൈസൻസ് അപേക്ഷകൾക്ക് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളിലായി മൂലധനനിക്ഷേപത്തിൻറ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി വരുന്നുണ്ടെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

2. പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് ഡി&ഒ ലൈസൻസ് ആവശ്യമാണ്. റേഷൻ കടകൾക്ക് ഒന്നിനും ഡി & ഓ ലൈസൻസ് എടുത്തിട്ടില്ലെന്ന് ഡി & ഓ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, പൂക്കോട്ടുകാവ് പഞ്ചായത്ത് പരിധിയിലുള്ള 3 റേഷൻകടകളുടെ (കാട്ടുകുളം സൗത്ത്, പൂക്കോട്ടുകാവ് ജംഗ്ഷൻ, കല്ലുവഴി ) ഡി & ഓ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ടി കടകളുടെ ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി റേഷൻകടകളുടെ ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സ.ഉ (സാധാ) നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടർവത്കരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി , നിലവിലുള്ളതും പുതിയതായി ഡി & ഓ ലൈസൻസ്

നൽകുന്നതുമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, അവ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നതാണെന്നും, പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.

# 2-3 പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം താഴെ പറയുന്ന വിധത്തിൽ കെട്ടിടങ്ങൾ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നവയാണ്.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 179 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ / റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 15 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ ന മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ / ഗോഡൗണുകൾ | 4 |
| ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 189 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ/പിരിഷെഡ് | 63 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 19 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 7 |
| ആകെ | 476 |

എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ ആകെ 68 സ്ഥാപനങ്ങളുടെ പേരുവിവരങ്ങളാണ് ഉള്ളത്. വിവിധ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിന്മേൽ ആവശ്യമായ പരിശോധനാ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 വസ്തുനികുതി രേഖകളുടെ പരിശോധന സംബന്ധിച്ച്

<u>1.ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്</u>

പഞ്ചായത്ത് പരിധിയിൽപ്പെട്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ്, ഈടാക്കൽ എന്നിവ ഓഡിറ്റ് പരിശോധനക്കു വിധേയമാക്കുമ്പോൾ ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ പേരും സ്ഥാപിച്ചിരിക്കുന്ന സ്ഥല വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്നും, അസസ്സ് ചെയ്ത നികുതിയും, നിലവിലുള്ള വസ്തുനികുതി കുടിശ്ശികയും എത്ര രൂപയാണെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(7/26.02.2019)ത്തിനുള്ള മറുപടിയിൽ, 3, 6, 8 വാർഡുകളിലായി പഞ്ചായത്ത് പരിധിയിൽ 3 ബി.എസ്.എൻ.എൽ മൊബൈൽ

ടവറുകളാണ് ഉള്ളതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത ടവറുകൾക്ക് ഇതുവരെ നമ്പർ നല്കുകയോ, വസ്തുനികുതി ചുമത്തുകയോ ചെയ്തിട്ടില്ലെന്നും, സർക്കാരുമായി ബി.എസ്.എൻ.എൽ നടത്തിയ കേസുകൾ കാരണമാണ് നാളിതുവരെ നികുതി ഈടാക്കാതിരുന്നതെന്നും, വസ്തുനികുതി ചുമത്തി ഈടാക്കുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ടവറുകൾക്ക് നമ്പർ നല്കുകയും വസ്തുനികുതി കണക്കാക്കിയതിനു ശേഷം, അവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

<u>2. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

അപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സേവന ഉപനികുതി സംബന്ധിച്ചുള്ള വിവരങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

3. സ.ഉ (എം.എസ്) നം.144/15/തസ്വഭവ തിയതി 27-4-15, സ.ഉ(എം.എസ്)നം.358/15/ തസ്വഭവ തിയതി 16-12-15 എന്നിവ പ്രകാരം ഉടമയുടെ സത്യവാങ്മൂലം ലഭ്യമാക്കി 60 ച.മീ. (660 സ്ക്വയർ ഫീറ്റ്) വരെ തറ വിസ്തീർണ്ണമുള്ള എത്ര വാസഗൃഹങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ വിവരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 1171 വീടുകളെ അത്തരത്തിൽ ഒഴിവാക്കിയിട്ടുണ്ട് എന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

<u>4. സഞ്ചയ പ്യൂരിഫിക്കേഷൻ</u>

സഞ്ചയയിലെ ഡാറ്റയുടെ കൃത്യത പരിശോധിച്ച് പ്യൂരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, പഞ്ചായത്ത് പരിധിയിലെ മുഴുവൻ വീടുകളുടേയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നടപ്പിലാക്കിയതായി അധികൃതർ അറിയിച്ചിട്ടുണ്ട്.

## 2-5 സങ്കേതം സോഫ്റ്റ് വെയറിൽ പെർമിറ്റ് ഫീ കണക്കാക്കുന്നതിന് ഫ്ലോർഏരിയയ്ക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൻെറ 2017-18 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് അപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ 65 അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. കെട്ടിടനിർമ്മാണ രേഖകൾ സൂക്ഷിക്കുന്നതിലും പെർമിറ്റ് അനുവദിക്കുന്നതിലും 2011 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11 (3) പ്രകാരമുള്ള ഷെഡ്യൂൾ II-ൽ മൊത്തം തറ വിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയാണ് പെർമിറ്റിനുള്ള ഫീസ് നിശ്ചയിക്കേണ്ടത് (ഫ്ലോർ ഏരിയ). സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയിട്ടുള്ള അപേക്ഷകളിൽ പെർമിറ്റ് ഫീ ഈടാക്കുന്നത് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ്.

ഉദാഹരണങ്ങൾ താഴെ നല്കുന്നു.

| വ്യക്തിയുടെ പേര് | വാർഡ് നം | പ്ലിന്ത് ഏരിയ,m2 | പ്ലോട്ട് വിസ്തീർണ്ണം,m2 | F.A.R |
|---|---|---|---|---|
| മധുനാരായണൻ | 2 | 189.84 | 607 | 0.31 |
| രാധാകൃഷ്ണൻ | 1 | 187.80 | 702 | 0.26 |
| അശോക് ബാബു | 10 | 153.87 | 3308.23 | 0.05 |

ചട്ടത്തിലേയോ സോഫ്റ്റ്‌വെയറിലേയോ അപാകതകൾ പരിഹരിക്കുന്നതിനായി ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണെന്ന ഓഡിറ്റ് അന്വേഷണത്തിന്( 12/28.02.2019) മറുപടിയായി , സങ്കേതം സോഫ്റ്റ് വെയറിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് അപ്രകാരം ചെയ്യുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 2-6 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ്

നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1 (എ) (1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 15.03.2017 ൽ കൂടിയ യോഗത്തിൽ ലെ 1-ാം നമ്പർ തീരുമാനമായി യോഗത്തിൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മേൽ ഓഡിറ്റ് അന്വേഷണത്തിന് (20/ 05.03.2019) മറുപടിയായി , 29.03.2017 ന് ബജറ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കരിച്ചിട്ടുണ്ട് എങ്കിലും നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്തിട്ടില്ല എന്നും, എന്നാൽ 2018-19, 2019-20 വർഷങ്ങളിൽ മാനദണ്ഡം കൃത്യമായി പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കി വരുന്നതെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി അംഗീകാരത്തിന് വിരുദ്ധമായി ചെവഴിച്ച 1080000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2017-18 ൽ താഴെ പറയുന്ന സോളാർ പാനൽ

സ്ഥാപിക്കൽ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|
| പഞ്ചായത്ത് ഓഫീസ് സോളാർ പാനൽ സ്ഥാപിക്കൽ (149/18) | 1000000(ലോകബാങ്ക് ധനസഹായം) | 1000000 (ട്രഷറി ബിൽ 26/18.11.17) |
| പൂക്കോട്ടുകവ് പി എച്ച് സി യിൽ സോളാർ പാനൽ സ്ഥാപിക്കൽ(150/18) | 1000000 (ലോകബാങ്ക് ധനസഹായം) | 88000 (ട്രഷറി ബിൽ 30/30.12.2017) |
| പൂക്കോട്ടുകവ് ആയുർവേദ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ(151/18) | 1000000(ലോകബാങ്ക് ധനസഹായം) | 1000000 (ട്രഷറി ബിൽ-14/26.9.17) |
| ആകെ | 3000000 | 2088000 |

മേൽ പറഞ്ഞ മൂന്ന പദ്ധതികളും 2016-17 ലെ സ്പിൽഓവർ പ്രോജക്ടുകളായി 2017-18 ൽ ചെലവ് വന്നിട്ടുള്ളതാണ് , 2016-17 ൽ ചെലവ് ഇല്ല.

മൂന്ന പദ്ധതികൾ പ്രകാരം 10 KW വൈദ്യുതി ഉത്പാദിപ്പിക്കുന്ന grid connected സോളാർ പ്ലാന്റ് മൂന്ന് എണ്ണം മൂന്ന സ്ഥലത്ത് - പഞ്ചായത്ത് ഓഫീസ്, പൂക്കോട്ടുകവ് പി എച്ച് സി, പൂക്കോട്ടുകവ് ആയുർവേദ ആശുപത്രി എന്നീ ഇടങ്ങളിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നതും, ഡി.പി.സി അംഗീകാരം ലഭ്യമായിട്ടുള്ളതും.

സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമായി അനർട്ട് പൂക്കോട്ടുകാവ് പി എച്ച് സി, പൂക്കോട്ടുകവ് ആയുർവേദ ആശുപത്രി എന്നിവടങ്ങളിൽ സ്ഥല പരിശോധന നടത്തുകയും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലസൗകര്യം ഇല്ല എന്നും, പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും അതിനോട് അനുബന്ധിച്ചുള്ള പഞ്ചായത്തിന്റെ വിവധ കെട്ടിടങ്ങളിലുമായി 30KW ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണ് എന്നും അനട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്(നം.10/spp/pq/ANER).

ആയതിനാൽ പി.എച്ച്.സി, ആയുർവേദ ആശുപത്രി എന്നിവടങ്ങളിൽ സോളാർപ്ലാന്റ് സ്ഥാപിക്കാതെ പൂക്കോട്ടുകവ് പി എച്ച് സി യിൽ സോളാർ പാനൽ സ്ഥാപിക്കൽ(150/18) പദ്ധതിപ്രകാരം 88,000/-രൂപയും, പൂക്കോട്ടുകവ് ആയുർവേദ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ(151/18) പദ്ധതി പ്രകാരം 10,00000/- രൂപയും ആകെ 10,80000/- രൂപയും, പഞ്ചായത്ത് ഓഫീസ് സോളാർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തുക 10,00000/- രൂപയും ഉപയോഗിച്ച് ആകെ 2088000/- തുക ചെലവഴിച്ച് 30KW വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് പഞ്ചായത്തിൽ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്.

പൂക്കോട്ടുകവ് പി എച്ച് സി യിൽ സോളാർ പാനൽ സ്ഥാപിക്കൽ(150/18), പൂക്കോട്ടുകവ് ആയുർവേദ ആശുപത്രിയിൽ സോളാർ പാനൽ സ്ഥാപിക്കൽ(151/18) എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള പദ്ധതി ഫണ്ട് വകമാറ്റി ചെലവഴിക്കുകയാണ് ഉണ്ടായത്. രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ പറ്റാത്ത സാഹചര്യത്തിൽ പദ്ധതിയിൽ മാറ്റം വരുത്തി പുതുക്കിയ അംഗീകാരം വാങ്ങാതെ അവയ്ക്കുവേണ്ടി വകയിരുത്തിയ ഫണ്ട് വേറൊരു പദ്ധതിക്ക് (പഞ്ചായത്ത് ഓഫീസ് സോളാർ പാനൽ സ്ഥാപിക്കൽ (149/18) ഉപയോഗിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/27.2.2019) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി ഭേദഗതി ചെയ്യുന്നതിന് അവസാരമില്ലാത്തതു കാരണമാണ് ഇപ്രകാരം സംഭവിക്കാനിടയായത് എന്നാണ് വ്യക്തിമാക്കിയിട്ടുള്ളത്.

പദ്ധതി മാനദണ്ഡങ്ങൾക്കും, ധനവിനിയോഗ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി ചെലവഴിച്ച 1088000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 സോളാർ പ്ലാന്റ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2088000/- രൂപ ചെലവിൽ (ലോകബാങ്ക് സഹായം) 30 കിലോവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പ്ലാന്റ് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിനു ലഭ്യമായ തദ്ദേശമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ പഞ്ചായത്ത് ഓഫീസിലും കൈമാറികിട്ടിയ സ്ഥാപനങ്ങളായ പി.എച്ച്.സി, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ 10 കിലോവാട്ട് വീതം ശേഷിയുള്ള മൂന്നു സോളാർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനായിരുന്നു പദ്ധതി അംഗീകരാം ലഭ്യമായിട്ടുണ്ടായിരുന്നത്. എന്നാൽ പദ്ധതിയുടെ നോഡൽ ഏജൻസിയായ അനർട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി സ്ഥല പരിശോധന നടത്തിയപ്പോൾ പി.എച്ച്.സി, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലസൗകര്യമില്ല എന്നും, പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ 30 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സൗകര്യമുണ്ട് എന്നും റിപ്പോർട്ട് ചെയ്തു. ആയതിനാൽ 30 കിലോവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സ്ഥാപിക്കുകയാണ് ചെയ്തത്.

ടെണ്ടർ മുഖേന കെൽട്രോൺ ആണ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ പ്രവർത്തി നിർവഹിച്ചിരിക്കുന്നത്. കെൽട്രോൺ 30.03.2017 ൽ പഞ്ചായത്ത് സെക്രട്ടറിയുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. സോളാർ മൊഡ്യൂളിന് 90% പെർഫോമൻസ് വാറണ്ടി 10 വർഷത്തേയ്ക്കും, 80% പെർഫോമൻസ് വാറണ്ടി 25 വർഷത്തേയ്ക്കും ഉറപ്പു നൽകുന്നുണ്ട്. പ്രവർത്തി പൂർത്തീകരിച്ച് സോളാർ പവർ പ്ലാന്റ് ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള ടെസ്റ്റ് നടത്തി ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ( 10.10.2017 ന് ) സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു. ഗ്രിഡുമായി ബന്ധിപ്പിച്ച് കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി 18.12.2017 ന് എഗ്രിമെന്റ് വച്ചിട്ടുണ്ട്.

സോളാർ പവർ പ്ലാന്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് ( നം.9/27.2.2019 ) പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും താഴെ പറയും പ്രാകരം മറുപടി ലഭ്യമായിട്ടുണ്ട്.

പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമയും കെ.എസ്.ഇ.ബി യിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അതാത് സമയങ്ങളിൽ വൈദ്യുതറഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്ക് പ്രകാരമാണ് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് തീരുമാനിക്കുന്നത്. നിലവിൽ ഒരു യൂണിറ്റിന് 3.26 രൂപയാണ് നിരക്ക്. വൈദ്യുതബോർഡുമായി ചമച്ച കരാർ കേന്ദ്ര ഊർജ്ജകമ്മീഷന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ്. എല്ലാമാസവും ഇലക്ട്രിസിറ്റി ബോർഡിലെ അസി.എഞ്ചിനീയർ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററിനെ അടിസ്ഥാനമാക്കി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് രേഖപ്പെടുത്തുന്നുണ്ട്. ഒക്ടോബർ മുതൽ സെപ്റ്റംബർ കൂടിയുള്ള കാലയളവിൽ ഉൽപാദിപ്പിച്ച വൈദ്യുതിയുടെ യൂണിറ്റ് കണക്കാക്കിയാണ് തുക കണക്കാക്കുന്നത്. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്ന വൈദ്യുതി കുറച്ചതിനുശേഷം മിച്ചം വരുന്ന യൂണിറ്റിനുള്ള തുകയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി നിരക്കും ഫിക്സഡ് ചാർജ്ജും മാത്രമെ നിലവിൽ അടവാക്കുന്നുള്ളൂ. ഡിസംബർ 2017, ജനവരി 2018 കാലയളവിൽ സോളാർ പവർ പ്ലാന്റിന്റെ തകരാർ കാരണം വൈദ്യുതി ഉൽപാദിപ്പിക്കുകയുണ്ടായില്ല. ഫെബ്രുവരി 2018 മുതൽ സെപ്റ്റംബർ കൂടിയുള്ള കാലയളവിൽ ഉത്പാദിപ്പിച്ച ആകെ വൈദ്യുതിയുടെ യൂണിറ്റ് 19231 , ഓഫീസിൽ ഉപയോഗിച്ച വൈദ്യുതി യൂണിറ്റ് 1271 ബാക്കി 19231-1271=17960 . ബാക്കിയുള്ള യൂണിറ്റിന് 17960x3.26=58550/- രൂപ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ കണക്ക് ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പവർ പ്ലാന്റിന്റെ സാധന സാമഗ്രികളുടെ മെയിന്റനൻസ് പ്രവർത്തികൾ പരിശോധിക്കുകയും, ആയത് കൃത്യമായി ഒരു രജിസ്റ്ററിൽ എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. വാറണ്ടി കാലയളവിൽ സോളാർ പവർ പ്ലാന്റിനു സംഭവിക്കുന്ന കേടുപാടുകൾ നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്തത്തിൽ പരിഹരിക്കേണ്ടതാണ്.
2. ഉത്പാദിപ്പിച്ച ആകെ വൈദ്യുതിയുടെ യൂണിറ്റ് ഓഫീസിൽ ഉപയോഗിച്ച വൈദ്യുതി യൂണിറ്റ് എന്നിവയുടെ കൃത്യമായ കണക്കുകൾ എടുത്ത് കെ.എസ്.ഇ.ബി ക്ക് നൽകുന്ന വൈദ്യുതിയുടെ തുക കൃത്യമായി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. സോളാർ പവർ പ്ലാന്റിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ച സോളാർ പാനൽ



സോളാർ പ്ലാന്റ്

# 3-3 വാട്ടർ ചാർജ്ജ് ഫൈൻ 6754/-രൂപ അടവാക്കിയത് അംഗീകരിക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ 64 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക, 2% ഫൈൻ സഹിതം 407986/-രൂപ. തനതു ഫണ്ടിൽ നിന്നും വൗച്ചർ നം.21700606/8.2.2018 പ്രകരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് നം.30/6.1.2018 പ്രകാരമാണ് തുക അടവാക്കിയിരിക്കുന്നത്.

ബിൽ തിയതിയിലെ ക്ലോസിംഗ് ബാലൻസ് – 373232/-

ക്ലോസിംഗ് ബാലൻസിന്റെ 2%ഫൈൻ - 6754/-

തൻമാസ ഡിമാന്റ് - 28000/-

ആകെ - 407986/-

നിശ്ചിത സമയപരിധികം വാട്ടർചാർജ്ജ് അടവാക്കാത്തതിനാൽ വാട്ടർചാർജ്ജ് ഫൈൻ ഇനത്തിൽ അടവാക്കിയ 6754/- രൂപ തനത് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 19/5.3/2019 നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-4 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് വ്യക്തമായ രേഖകൾ ഇല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

പദ്ധതി - പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ (15/18)

അടങ്കൽ - 4,00,000/- (ധനകാര്യകമ്മിഷൻ അവാർഡ്)
ചെലവ് - 399000/- (ട്രഷറി ബിൽ നം.49/13.3.18)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി പ്രകാരം എൽ.ഇ.ഡി സ്ട്രീറ്റ് 24W 105 എണ്ണം സ്ഥാപിച്ചതിന് kerala Elecctrical and Allied engineering company ltd ന്റെ ഇൻവോയ്സ് നം. 0545/28-2-2018 പ്രകാരം 399000/- രൂപ നൽകിയിട്ടുണ്ട്. വാർഡ് ഒന്ന മുതൽ 12 വരെ 8 വീതം (വാർഡ് 5 ഇല്ല) തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി മാത്രം വർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഉണ്ട്. കെ.എസ്.ഇ ബി യുടെ മേൽനോട്ടത്തിൽ എൽ.ഇ.ഡി സ്ട്രീറ്റ് 24W 105 എണ്ണം സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം ഇല്ല. സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതിന്റെ രേഖകൾ പരിശോധയ്ക്ക് ലഭ്യമായിട്ടില്ല. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് തെരുവ് വിളക്കുകളുടെ ആസ്തി രജസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല (പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല). ഓഡിറ്റ് അന്വേഷണത്തിന് (നം.11/28.2.2019) പഞ്ചായത്തിന്റെ മറുപടി തെരുവ് വിളക്കുകൾ സ്ഥാപിച്ചതായുള്ള കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ്, സൂപ്പർവിഷൻ ചാർജ് അടാവക്കിയിട്ടില്ല എന്നാണ്.

ആയതിനാൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ വ്യക്തമായ രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി 399000/- രൂപയുടെ ചെലവ് തടസ്സിൽ വയ്ക്കുന്നു.

# 3-5 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചു

പദ്ധതി - തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ്(142/18)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 300000/- (MG NR)

ചെലവ് - 300000/- (MG NR)

ട്രഷറി ബിൽ - 42/15.2.18

തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതല്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിനായാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ജി.ഒ(എം.എസ് )നം.330/2004/lsgd/9.12.04 പ്രകാരമുള്ള വിനിയോഗ മാർഗരേഖയിലും തുടർ ഉത്തരവുകളിലും ഗ്രാന്റ് ഏതെല്ലാം ഇനങ്ങൾക്കാണ് വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ പരിപാലനത്തിന് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല.

# 3-6 സമഗ്രപച്ചക്കറി കൃഷി വികസനം -വിതരണരേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നമ്പർ -69

അടങ്കൽ -50000

ചെലവ് -50000

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്രപച്ചക്കറി കൃഷി വികസനം എന്ന പ്രൊജക്റ്റുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 1/22.2.18 പ്രകാരം 50000 രൂപ VFPCK, ആലത്തൂരിന് നൽകിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ /17-18/1770 തീ.26.12.17

| ഇനം | എണ്ണം | വില | ആകെ തുക |
|---|---|---|---|
| പച്ചക്കറി വിത്ത് | 2000 | 25 | 50000 |

ആയത് പ്രകാരം 2000 കിറ്റുകൾ 12 പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്. ആയത് കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (13/28.2.19) നൽകിയെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡിയായ 3500 രൂപയിൽ അധികം നൽകിയിട്ടുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സ്ഥലവിസ്തൃതി അനുസരിച്ചായിരിക്കണം കർഷകന് ആനുകൂല്യം നൽകേണ്ടതെന്നും, വിതരണം ചെയ്യുന്ന വിത്തിന്റെ ഗുണമേന്മ കൃഷി ഓഫീസർ ഉറപ്പാക്കിയിരിക്കണം എന്നുമുള്ള നിബന്ധനകൾ പാലിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-7 കാടുവെട്ട് യന്ത്രം വിതരണം - സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ -72

അടങ്കൽ -129500 (പദ്ധതി വിഹിതം-110760, തനത് ഫണ്ട്- 5790, ഗു.വി-12950)

ചെലവ് -129500 (പദ്ധതി വിഹിതം-110760, തനത് ഫണ്ട്-5790, ഗു.വി-12950)

കർഷക ഗ്രൂപ്പുകൾക്ക് കാടുവെട്ട് യന്ത്രം എന്ന പ്രൊജക്ട് പ്രകാരം 5 യന്ത്രങ്ങൾ വാങ്ങിയതിന് 110760 രൂപ റെയഡ്കോ, മണ്ണാർക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത യന്ത്രങ്ങൾ താഴെ പറയുന്ന 5 കുടുംബശ്രീ യൂണിറ്റുകൾക്കാണ് നൽകിയിരിക്കുന്നത്.

| ഇൻവോയ് നമ്പർ | തുക | കുടുംബശ്രീ യൂണിറ്റിന്റെ പേര് |
|---|---|---|
| MNKD/554/2017-2018 Dt 20.01.18 | 25900 | ശ്രീദുർഗ്ഗ കുടുംബശ്രീ യൂണിറ്റ്, പരിയാനംപറ്റ |
| MNKD/555/2017-2018 Dt 20.01.18 | 25900 | ശക്തി കുടുംബശ്രീ യൂണിറ്റ്, താനികുന്ന് |
| MNKD/556/2017-2018 Dt 20.01.18 | 25900 | ധനശ്രീ കുടുംബശ്രീ യൂണിറ്റ്, കല്ലുവഴി |
| MNKD/557/2017-2018 Dt 20.01.18 | 25900 | ഹരിശ്രീ കുടുംബശ്രീ യൂണിറ്റ്, കാട്ടുകുളം |
| MNKD/558/2017-2018 Dt 20.01.18 | 25900 | കൈരളി കുടുംബശ്രീ യൂണിറ്റ്, കല്ലുവഴി |

പ്രസ്തുത പ്രൊജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്നവ ഹാജരാക്കിയില്ല.

a) യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20 % കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നുള്ള കരാർ വ്യവസ്ഥ.

b) യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലും കൈവശാധികാരം സമിതിക്കുമായിരിക്കും എന്നത് സംബന്ധിച്ച രേഖ.

c) യന്ത്രങ്ങൾ വാങ്ങി നൽകുമ്പോൾ വാങ്ങാൻ ഉദ്ദേശിക്കുന്ന യന്ത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് പർച്ചേസ് കമ്മിറ്റി വഴിയാണ് വാങ്ങി നൽകേണ്ടത്. ആയത് സംബന്ധിച്ച രേഖ.

d) യന്ത്രോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും, ലോഗ് ബുക്കും, മെയിന്റനൻസ് രജിസ്റ്ററും.

മേൽപറഞ്ഞവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (13/28.2.19) നൽകിയെങ്കിലും ബന്ധപെട്ട രേഖകൾ ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-8 നെൽവിത്ത് വിതരണം -രേഖകൾ ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി സമഗ്ര നെൽകൃഷി വികസനം എന്ന പ്രൊജക്ടുമായി ബന്ധപെട്ട് ബിൽ നമ്പർ 5/17-18 തീയ്യതി 30.3.18 പ്രകാരം 473840 രൂപ ചെലവഴിച്ചതിൽ 471100 രൂപ KSSDA, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ബിൽ നമ്പറുകൾ പ്രകാരം വാങ്ങിയ നെൽവിത്തുകൾ പാടശേഖര സമിതികൾക്കാണ് നൽകിയിരിക്കുന്നത്.

| ബിൽ നമ്പർ | ഇനം | വില | തുക്കം | ആകെ തുക | നൽകിയ തുക |
|---|---|---|---|---|---|
| 137/2017-18 dt 1.6.17 | ജ്യോതി | 40 | 4560kg | 182400 | 159600 |
| 86/2017-18 dt 30.5.17 | ഉമ | 40 | 2400kg | 96000 | 84000 |
| 881/2017-18 dt 23.8.17 | ജ്യോതി | 40 | 6500kg | 260000 | 227500 |
| | | | | | 471100 |

നെൽവിത്തുകൾ ബന്ധപെട്ട കർഷകർക്ക് നൽകിയതിന്റെ രേഖ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (13/28.2.19) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.ആയതിനാൽ ഈയിനത്തിൽ കർഷകർക്ക് നൽകിയ സബ്സിഡി ആനുകൂല്യം മാർഗ്ഗരേഖ അനുസരിച്ചാണോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ബന്ധപെട്ട രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-9 പാലിന് സബ്സിഡി നൽകൽ -മുഴുവൻ കാലയളവിലെ തുകയും കർഷകർക്ക് ലഭ്യമായിട്ടില്ല.

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ പ്രകാരം കർഷകർക്ക് അനുവദിക്കാവുന്നതാണ്. 2017 ഏപ്രിൽ മുതൽ 2017 സപ്തംബർ

വരെയുള്ള മാസങ്ങളിലെ സബ്സിഡി തുകയാണ് നൽകിയിരിക്കുന്നത്. ഈ കാലയളവിൽ താഴെ പറയുന്ന 3 ക്ഷീരോൽപ്പാദക സംഘങ്ങൾക്കാണ് തുക വിതരണം ചെയ്തിരിക്കുന്നത്.

| ക്രമ നമ്പർ | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | കല്ലുവഴി | 87338 |
| 2 | മുന്നൂർക്കോട് | 245622 |
| 3 | കാട്ടുകുളം | 92040 |
| | | 425000 |

2017 ഒക്ടോബർ മുതൽ മാർച്ച് 2018 വരെയുള്ള കാലയളവിൽ പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല.

പദ്ധതി പ്രകാരം സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാതെ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് നൽകിയതിനു ശേഷം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തുക ട്രഷറിയിൽ നിന്നു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്.

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ചർച്ച ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെടുത്തേണ്ടവ. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത പ്രൊജക്ടിൽ ഉൾപെടുത്തേണ്ട തുകയെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല. ഭാവിയിൽ പ്രൊജക്ട് രൂപീകരണ വേളയിൽ ബന്ധപ്പെട്ട മേഖലയിലെ ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ച് തുക വകയിരുത്തുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

# 3-10 ഫർണിച്ചറുകൾ വാങ്ങിയത് നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഫർണിച്ചറുകൾ വാങ്ങിയത് നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ല.

| പദ്ധതി | ചെലവ് തുക |
|---|---|
| പഞ്ചായത്ത് ഓഫീസിനു ഫർണിച്ചർ (16/18) | 173520/- |
| വി.ഇ.ഒ ഓഫീസ് ഐ.സി.ഡി.എസ് കോൺഫറൻസ് ഹാൾ ഫർണിച്ചർ വാങ്ങൽ (146/18) | 50,000/- |
| പഞ്ചായത്ത് കോൺഫറൻസ് ഹാളിന് ഫർണിച്ചർ (217/18) | 100000/- |
| പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ ( 148/18) | 10000/- |
| പഞ്ചായത്ത് ഓഫീസിലേക്ക് കസേര വാങ്ങൽ (142/18) | 2001/- |

ഓഡിറ്റ് വേളയിൽ ഫർണിച്ചറുകളുടെ ഭൗതിക പരിശോധന നടത്തിയതിൽ ഫർണിച്ചറുകൾ വിവധ സ്ഥലങ്ങളിൽ ആയിരുന്നതിനാലും, വിവിധ പദ്ധതികൾ പ്രകാരമുള്ള ഫർണിച്ചറുകൾ തിരിച്ചറിയുന്ന വിധം പ്രത്യേകം നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ലാത്തതിനാലും വാങ്ങിയ ഫർണിച്ചറുകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴഞ്ഞിട്ടില്ല. എല്ലാ ഫർണിച്ചറുകളും പ്രത്യേകം നമ്പറിട്ട് സ്റ്റോക്കിലെടുക്കേണ്ടതാണ്.

# 3-11 പൊതുടാപ്പുകൾ - കുടിവെള്ള വിതരണം

പഞ്ചായത്ത് പരിധിയിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/25.2.2019) പഞ്ചായത്തിന്റെ മറുപടി "പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുക വഴി വീടുകളിലേക്കും കുടിവെള്ള വിതരണം ലഭ്യമാക്കിയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകൾ നീക്കം ചെയ്തിട്ടുള്ളതാണ്. തൻവർഷവും കുടിശ്ശികയിനത്തിലും വാട്ടർ ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റിയിൽ യാതൊരു തുകയും അടവാക്കിയിട്ടില്ല"എന്നാണ്. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ 64 പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക, 2% ഫൈൻ സഹിതം 407986/-രൂപ. തനതു ഫണ്ടിൽ നിന്നും വൗച്ചർ നം.21700606/8.2.2018 പ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് നം.30/6.1.2018 പ്രകാരമാണ് തുക അടവാക്കിയിരിക്കുന്നത്. എന്ത് അടിസ്ഥാനത്തിലാണ് തുക നൽകിയത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഏതു കാലയളവിലെ വാട്ടർചാർജ്ജാണ് അടവാക്കിയത് എന്നും വ്യക്തമല്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

തൻവർഷം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾക്കു വേണ്ടി താഴെ പറയുന്ന ചെലവുകൾ ഉണ്ട്.

| പദ്ധതി | ചെലവ് തുക |
|---|---|
| ലക്ഷംവീട് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (94/18) | 75000/- (പ്ലാൻ എസ്.സി.പി) |
| വെൺമരപറമ്പ് പൈപ്പ് ലൈൻ നീട്ടൽ (111/18) | 100000/- (പ്ലാൻ എസ്.സി.പി) |
| നീലാഞ്ചേരിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ (120/18) | 385000/- (പ്ലാൻ എസ്.സി.പി) |
| ഒാടാട്ട് കോളനി പൈപ്പ് ലൈൻ നീട്ടൽ (133/18) | 75000/- (പ്ലാൻ എസ്.സി.പി) |
| വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതി (145/18) | 4009458/-(ലോക ബാങ്ക് സഹായം) |
| | |

| | |
|---|---|
| വാഴൂർ കൈപഞ്ചേരിത്തൊടി പൈപ്പ് ലൈൻ നീട്ടൽ (189/18) | 75000/- (പ്ലാൻ എസ്.സി.പി) |
| വിവധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (206/18) | 742000/- (ലോകബാങ്ക് സഹായം) |
| പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കൽ (210/18) | 250000/- (പ്ലാൻ എസ്.സി.പി) |

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അടുക്കളയിൽ കുടിവെള്ള വിതരണം-എസ്.സി(48/18) പദ്ധതി പ്രകാരം 549000/- രൂപ ഗാർഹിക കുടിവെള്ള കണക്ഷൻ എടുക്കുന്നതിനു വേണ്ടി സബ്സിഡി അനുവദിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ ശേഷവും, ഗാർഹിക കണക്ഷൻ പ്രാവർത്തികമായ സാഹചര്യത്തിലും, സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകൾ നീക്കം ചെയ്തിട്ടുള്ളതാണ് എന്ന പഞ്ചായത്തിന്റെ മറുപടിയും പരിഗണിക്കുമ്പോൾ വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കിയതിൽ വൈരുദ്ധ്യം നിലനിൽക്കുന്നു. പൊതുടാപ്പുകളുടെ കുടിശ്ശിക വ്യക്തമാക്കുന്നതിന് ആധാരമായ രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.

ഈ വിഷയത്തിൽ ഭരണസമിതി അടിയന്തിര തീരുമാനപ്പെടുത്ത് വാട്ടർ അതോറിറ്റിയുടെ പൊതുടാപ്പുകളുടെ കാര്യത്തിൽ അവ മുഴുവനായും നീക്കം ചെയ്ത് നിലവിൽ പഞ്ചായത്തിന് ബാധ്യതകൾ ഇല്ല എന്ന് വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ട് വാങ്ങേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-12 പദ്ധതി അംഗീകാരം ലഭ്യമാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പ്ലാൻഫണ്ടിൽ നിന്ന് ട്രഷറി ബിൽ നം.45/6.3.2018 പ്രകരാം 45493/-രൂപ കേരളോത്സവം ചെലവുകൾ എന്ന പേരിൽ പിൻവലിച്ച് TSB A/c No.721051400000003 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ അംഗീകരിച്ച പദ്ധതികളിൽ ഇ പ്രകാരം ഒരു പദ്ധതി ഉൾപ്പെട്ടിട്ടില്ല. പദ്ധതി അംഗീകാരം ലഭ്യമാക്കാതെ തുക പിൻവലിച്ചതിന് ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.11/28.2.2019) മറുപടി ഇപ്രകാരമാണ് - 2017-18 വർഷം കേരളോത്സവം പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭ്യമായിട്ടുണ്ട്. അംഗീകാരം ലഭിച്ചതുകൊണ്ട് മാത്രമാണ് തുക റിക്യൂപ്പ് ചെയ്യാൻ സാധിച്ചത്. എന്നാൽ മറ്റു പല പ്രോജക്ടുകളും റിവൈസ് ചെയ്യുന്ന സമയത്ത് ചില സാങ്കേതിക തകാരാറ് മൂലമാണ് ടി പ്രോജക്ട് അപ്രൂവ്ഡ് ലിസ്ററിൽ നിന്നും ഒഴിവായത് എന്ന് മനസ്സിലാക്കുന്നു. ആയത് പരിഹരിക്കുന്നതിന് നമ്പർ 156872 പ്രകാരം പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാൽണ്.

ആയതിനാൽ പദ്ധതി അംഗീകാരം ലഭ്യമാക്കുന്നതിനു വിധേയമായി 45493/-രൂപയുടെ ചെലവ് തടസ്സിൽ വയ്ക്കുന്നു.

# 3-13 തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നാളിതുവരെ തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഉപയോഗിക്കാത്തതും നിലവിലില്ലാത്തതുമായ വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കേണ്ടിവരുന്നുണ്ട്. തെരുവു വിളക്കുകളുടെ എണ്ണത്തിലെ കൃത്യത, തരം എന്നിവ ഉറപ്പാക്കുവാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടില്ല.

ലെഡ്ജർ പ്രകാരം തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതിചാർജ്ജ് ഏപ്രിൽ മുതൽ ജൂൺ വരെ പ്രതിമാസം 43589/- രൂപയും, ജൂലായ് മുതൽ 50478/-രൂപയും വീതമാണ് അടവാക്കിയിരിക്കുന്നത്. ഇതിനു പുറമെ 5 ഹൈമാസ്റ്റ് ലൈറ്റുകളുടെ ചാർജ്ജുകൂടി അടവാക്കുന്നുണ്ട്. ഹൈമാസ്റ്റ് ലൈറ്റുകളുടെ ഉൾപ്പെടെ ആകെ 601355/- രൂപ തൻവർഷം വൈദ്യുതിചാർജ്ജ് അടവാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ലാമ്പുകളുടെ എണ്ണം ഉറപ്പാക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
3. ഊർജ്ജ ഉപഭോഗം കൂടിയ ബൾബുകൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യേന ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ വിവരം/ ചെലവ് തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പദ്ധതി | തുക | ട്രഷറി ബിൽ നം. | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| | | | കേരള |

| | | | |
|---|---|---|---|
| വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടിൽ(206/18) | 376760<br>365240 | 27/18.12.17<br>28/30.12.17 | വാട്ടർ |
| ഓടാട്ട് കോളനി പൈപ്പ് ലൈൻ നീട്ടിൽ(133/18) | 75000 | 55/24.3.18 | അതോറിറ്റി |
| പട്ടികജാതി കുടിവെള്ള മെത്തിക്കൽ(210/18) | 250000 | 57/24.3.18 | |
| വാഴൂർ കൈപഞ്ചേരി പൈപ്പ് ലൈൻ നീട്ടിൽ(189/18) | 75000 | 56/24.3.18 | |
| വെൺമരപറമ്പ് പൈപ്പ് ലൈൻ നീട്ടിൽ(111/18) | 100000 | 54/24.3.18 | |
| ലക്ഷം വീട് കോളനി പൈപ്പ് ലൈൻ നീട്ടിൽ(94/18) | 75000 | 53/24.3.18 | കേരള വാട്ടർ അതോറിറ്റി |
| നീലാഞ്ചേരിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ(120/18) | 385000 | 52/24.3.18 | |

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണ ഏജൻസിയുമായി ഉടമ്പടി വെക്കാതെയാണ് തുക കൈമാറിയിട്ടുള്ളതെന്ന് കണ്ടെത്തി. മുൻകൂർ അനുവദിക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഡെപ്പോസിറ്റ് പ്രവർത്തികൾ കൃത്യമായ കരാർ വ്യവസ്ഥകളിൽ അധിഷ്ഠിതമായി നിർവ്വഹിക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണം, തുകകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും- പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 34 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 93 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 58 എണ്ണത്തിന് മാത്രമേ ചെലവുള്ളൂ. വകയിരുത്തിയ 29527590/- രൂപയിൽ 21412533/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 72.51% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്. തൻ വർഷം തദ്ദേശമിത്രം പദ്ധതിയുടെ ഭാഗമായി ലോകബാങ്ക് ഫണ്ട് വിഹിതത്തിൽ നിന്നും ആസ്തി വികസനത്തിനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 10437751/- രൂപ ഫലപ്രദമായി വിനിയോഗിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷികപദ്ധതിക്കായി ആകെ 3 പ്രാവശ്യം മാത്രമേ യോഗം കൂടിയിട്ടുള്ളൂ. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രൊജക്റ്റ് നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടാണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രീയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ - പേജ് 73-79പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല. അംഗീകരിച്ച കരാറുകാരന്റെ വിശദാംശങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ബാക്കിയുള്ളവ കൃത്യമായി ചേർത്തിട്ടുണ്ട്.
- എഗ്രിമെന്റ് രജിസ്റ്റർ - കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- വർക്ക് ഫയലിൽ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് എന്നിവ ഇല്ല.
- പ്രവൃത്തികളിൽ വ്യതിയാനം വരുമ്പോൾ വർക്ക് സ്ലിപ്പിൽ എല്ലാത്തിലും വ്യതിയാനങ്ങൾക്കുള്ള കാരണം രേഖപ്പെടുത്തുന്നില്ല.
- പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ അവയുടെ Name Board നുള്ള തുക വകയിരുത്തുകയോ ചെലവുചെയ്യുകയോ ചെയ്തിട്ടില്ല.

- ചില പ്രവൃത്തികളിൽ ടെണ്ടറുകളോടൊപ്പമുള്ള പ്രിലിമിനറി എഗ്രിമെന്റിൽ എഗ്രിമെന്റ് വ്യവസ്ഥകൾ ചേർക്കാതെ blank ആയിട്ടാണ് സമർപ്പിച്ചിട്ടുള്ളത്.
- സ്പിൽ ഒ‌ാവർ പ്രൊജക്റ്റ് ഫയലുകളിൽ അംഗീകാരം വാങ്ങിയ സ്പിൽ ഒ‌ാവർ പ്രൊജക്റ്റ് കോപ്പി വെച്ചിട്ടില്ല.
- പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 31.03.2018 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.
- ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ റോഡ്കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

# 3-16 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2016-17 ലും അതിനു മുൻപും ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം. | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1. | കല്ലുവഴി അയ്യപ്പൻകാവ് കുളക്കാട് റോഡ്, 152/18 | 400000 |
| 2. | കെ.പി.ഉണ്ണി റോഡ്, 160/18 | 60000 |
| 3. | പകൽവീട്, 161/18 | 820000 |
| 4. | കല്ലുവഴി അങ്കണവാടി നവീകരണം, 163/18 | 380000 |
| 5. | കോട്ടക്കുളം കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, 174/18 | 150000 |
| 6. | നീലാഞ്ചേരിക്കുന്ന് പൊതുകിണർ നിർമ്മാണം, 177/18 | 100000 |

| | | |
|---|---|---|
| 7. | കാഞ്ഞിരങ്ങാട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം , 185/18 | 5500 |

13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഈ പ്രൊജക്റ്റ്കളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.03.2019) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി നീലാഞ്ചേരിക്കുന്ന് പൊതുകിണർ നിർമ്മാണം പ്രവൃത്തി സ്ഥലം ലഭ്യമാകാത്തതിനാൽ ഉപേക്ഷിച്ചു എന്നും മറ്റുള്ളവ 2018-19 വർഷത്തിൽ പൂർത്തീകരിച്ചു എന്നുമാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രവൃത്തി പ്രദേശത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വാർഡ് മെമ്പർമാർ മുൻകൈ എടുക്കേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വികസന സ്റ്റാൻഡിംങ്ങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ്ങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

# 3-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അധികം നൽകിയ തുക

# അംഗീകരിക്കുന്നില്ല

പ്രൊജക്റ്റ് നം. -98/17

അടങ്കൽ -200000/- (വികസനഫണ്ട്- SCP)

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

ബിൽനം.- 56/14.03.2018 - 199978/-

അളവുപുസ്തകം - 327/16

2016-17 വർഷം ആരംഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (98/17) എന്ന പ്രൊജക്റ്റ് പ്രകാരം 199978/-രൂപ പട്ടികജാതിക്കാരനായ വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മിക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 15.2.16 ലെ ഉത്തരവു നം. ജി.ഒ.(ആർ.ടി) നം.626/2016 തസ്വഭവ പ്രകാരമുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ചിട്ടാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. ഈ ഉത്തരവുപ്രകാരം

- നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.
- വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.
- ബിപിഎൽ കുടുംബമായിരിക്കണം
- നിലവിലുള്ള വീട് 800 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.
- നിർമ്മിക്കുന്ന പഠനമുറിക്ക് കുറഞ്ഞത് 120 ച.അടിയിൽ കുറയാത്ത വിസ്തീർണ്ണം വേണം.
- നിലവിലുള്ള ഒരു മുറി പഠനമുറിയാക്കുകയല്ല പുതിയ മുറി നിർമ്മിക്കുകയാണ് വേണ്ടത്.
- എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ അളവെടുക്കണം.
- അളവ് അടിസ്ഥാനമാക്കി പരമാവധി 100000/-രൂപ വരെ അനുവദിക്കാവുന്നതാണ്.
- പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈ ഇനത്തിൽ ധനസഹായം ലഭിച്ചവർ വീണ്ടും ധനസഹായം ലഭിക്കാൻ അർഹരല്ല. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

എന്നാൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. ഗുണഭോക്താവിന്റെ പേര് വിവരങ്ങൾ, രക്ഷിതാവിന്റെ അപേക്ഷ, നിലവിലുള്ള വീടിന്റെ വിശദാംശങ്ങൾ, അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല.
2. പട്ടികജാതി വകുപ്പിൽ നിന്നും ഈ ഇനത്തിൽ ധനസഹായം മുൻപ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. ഒരു പൊതുമരാമത്തു പ്രവൃത്തി ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്താണ് പ്രവൃത്തി നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയിരിക്കുന്നത്.

4. പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിൽ മാത്രമാണ് ഗുണഭോക്താവ് ഗോകുൽ.എം.പി. എന്ന വിദ്യാർത്ഥിയാണെന്ന വിവരമുള്ളത്. മറ്റു വ്യക്തിഗത വിശദാംശങ്ങളൊന്നും വർക്ക് ഫയലിലില്ല. (ഗോകുൽ.എം.പി. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനം. 1 ആണ്. )

5. അസി.എഞ്ചിനീയറുടെ സെക്രട്ടറിയ്ക്കുള്ള കത്തു പ്രകാരം പണി ആരംഭിച്ചപ്പോൾ ഗുണഭോക്താവ് ടോയ്‌ലറ്റ് വേണമെന്ന് ആവശ്യപ്പെട്ടതു പ്രകാരം ടോയ്‌ലറ്റു കൂടി അധികമായി നിർമ്മിച്ചിരിക്കയാലും ചുമർ ഇഷ്ടിക കൊണ്ടുള്ളത് മാറ്റി വെട്ടുകല്ലാക്കുകയും ചെയ്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിനാൽ 25.08.17 ലെ 11 (4) നമ്പർ ഭരണസമിതി തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ടോയ്‌ലറ്റ് അനുവദിക്കുന്നതിന് പഞ്ചായത്തിൽ കൃത്യമായ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും ഉണ്ട് എന്നിരിക്കെ പഠനമുറിയോടൊപ്പം ടോയ്‌ലറ്റ് നിർമ്മിച്ചു നൽകിയത് ശരിയായ നടപടിയല്ല. ഇതിനു നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടില്ല.

6. മാനദണ്ഡങ്ങൾ പ്രകാരം 120 ചതുരശ്ര അടിയിൽ കുറയാത്ത പഠനമുറിയാണ് നിർമ്മിക്കേണ്ടത്. എന്നാൽ അസി.എഞ്ചിനീയറുടെ മറുപടി പ്രകാരം 92 ചതുരശ്ര അടി മുറിയാണ് പണിതിരിക്കുന്നത്. ആനുപാതികമായി ഇതിന് 76666.66 രൂപ ധനസഹായത്തിനെ അർഹതയുള്ളൂ.

7. 15.2.16 ലെ ഉത്തരവു നം. ജി.ഒ.(ആർ.ടി) നം.626/2016 തസ്വഭവ ഉത്തരവു പ്രകാരം ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്നത് 100000/- രൂപയാണ്. എന്നാൽ ഈ പ്രൊജക്റ്റിൽ ഒരു ഗുണഭോക്താവിനു വേണ്ടി ചെലവഴിച്ചത് 199978/- രൂപയാണ്. ആയതിനാൽ പ്രൊജക്റ്റ് നിർവ്വഹണ മാനദണ്ഡങ്ങൾ പ്രകാരം നൽകാവുന്ന പരമാവധി ധനസഹായം 100000/- രൂപയായതിനാലും മേൽപ്രകാരം അധികം നൽകിയതുമൂലം ഒരു ഗുണഭോക്താവിന്കൂടി ലഭ്യമാകുമായിരുന്ന ധനസഹായം നഷ്ടമായി എന്നതിനാലും അധികം ചെലവഴിച്ച 99978/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. 99978/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്. കൂടാതെ മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ബാക്കി ചെലവു ചെയ്ത 100000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.03.2019)നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി ഗുണഭോക്താവിന്റെ അപേക്ഷയും മറ്റു രേഖകളും ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും ഈ പ്രവൃത്തിയുടെ ഗുണഭോക്താവ് വളരെ താഴ്ന്ന സാമ്പത്തികസ്ഥിതിയിലുള്ളവരും പ്രവൃത്തി നടത്തുന്നതിന് ശേഷി ഉള്ളവരും അല്ല എന്ന് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടതിനാലാണ് പ്രവൃത്തി ടെണ്ടർ മുഖാന്തിരമാക്കിയത് എന്നും ഭരണാനുമതിയും ആസൂത്രണസമിതി അംഗീകാരവും ലഭിച്ചിട്ടുള്ളതിനാലും ആണ് പ്രവൃത്തി 200000/- രൂപ

അടങ്കലിൽ തയ്യാറാക്കിയത് എന്നുമാണ്. എന്നാൽ രേഖകൾ ഓഡിറ്റ് പൂർത്തിയാകുന്നതു വരെ ഹാജരാക്കിയിട്ടില്ല എന്നതിനാലും നിലവിൽ വീടുള്ളവർക്കാണ് പഠനമുറിക്കുള്ള ധനസഹായത്തിന് അർഹത എന്നതിനാലും സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ചേ പ്രൊജക്റ്റിന് തുക വകയിരുത്തി ചെലവഴിക്കാവൂ എന്നതിനാലും ഈ മറുപടി അംഗീകരിക്കത്തക്കതല്ല.

# 3-18 താനിക്കുന്ന് GLPസ്ക്കൂൾ പുനരുദ്ധാരണവും വികസനവും -പദ്ധതി നിർവ്വഹണം അവലോകനം

പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ ലോവർ പ്രൈമറി സ്കൂളായ താനിക്കുന്ന് GLPസ്കൂളിൽ ലോവർ പ്രൈമറിയിൽ ആകെ 5ഡിവിഷനുകളിലായി 100 കുട്ടികളും പ്രീപ്രൈമറിയിൽ 53 കുട്ടികളുമാണ് നിലവിലുള്ളത്. ഈ സ്കൂളിന്റെ പുനരുദ്ധാരണത്തിന്റെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി പഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ (സ്പിൽ ഓവർ & പുതിയത് ) താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തിൽ നിന്നുമാണ് ഈ പ്രവൃത്തികൾക്കുള്ള തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | താനിക്കുന്ന് GLPS അടുക്കള നിർമ്മാണം , 157/17 | 425201 | 363621 |
| 2. | താനിക്കുന്ന് GLPS അടുക്കളക്ക് വർക്ക് ഏരിയ നിർമ്മാണം, 203/18 | 286817 | 236976 |
| 3. | താനിക്കുന്ന് സക്കുളിന് സ്റ്റീം ബോയിലർ, 204/18 | 170000 | 169820 |
| 4. | താന്നിക്കുന്ന് GLPസ്കൂൾ പുനരുദ്ധാരണവും വികസനവും, 124/17 | 5000000 | 4157284 |
| | ആകെ | 5882018 | 4927701 |

മേൽപ്പറഞ്ഞവയിൽ ക്രമനം.4 താനിക്കുന്ന് GLPസ്കൂൾ പുനരുദ്ധാരണവും വികസനവും (124/17) പ്രൊജക്റ്റിന്റെ ഭാഗമായി ഉദ്ദേശിച്ചിരുന്നതും നടത്തിയിട്ടുള്ള വാങ്ങലുകളും സേവനങ്ങൾ ലഭ്യമാക്കലുകളും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്ദേശിച്ചിരുന്ന പ്രവർത്തനങ്ങൾ | വകയിരുത്തിയ തുക |
|---|---|---|
| 1. | പുതിയ കെട്ടിടനിർമ്മാണം | 3507837 |
| 2. | അക്കാദമിക് നിലവാരം | 1045000 |

| | | |
|---|---|---|
| | മെച്ചപ്പെടുത്തുന്നതിലുള്ള സൗകര്യങ്ങൾ ഒരുക്കൽ | |
| 3. | നിലവിലുള്ള കെട്ടിടത്തിന്റെ സീലിംങ്ങ് | 263504 |
| 4. | പുൽത്തകിടി നിർമ്മാണം | 165659 |
| 5. | ബയോഗ്യാസ് സ്ഥാപിക്കൽ | 18000 |
| | ആകെ | 5000000 |

പ്രൊജക്റ്റിന്റെ ഭാഗമായി നടത്തിയിട്ടുള്ള വാങ്ങലുകൾക്കും സേവനങ്ങൾ ലഭ്യമാക്കലിനുമായി താഴെ പറയും പ്രകാരം ചെലവു ചെയ്തിട്ടുണ്ട്.

| ക്രമ നം. | ബിൽനം./ തീയതി | തുക | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1. | 17/08.08.17 | 1914976 | കെട്ടിട നിർമ്മാണം (കിച്ചൻ ഹാൾ) |
| 2. | 28/25.11.17 | 972283 | - ടി - |
| 3. | 26/10.11.17 | 175425 | കിച്ചൻ ഹാൾ വൈദ്യുതീകരണം |
| 4. | 16/8.8.17 | 200000 | Software set up & support to standard 1-4 - ഋതു (RHITHU) എന്ന സ്ഥാപനത്തിന് നൽകിയത് |
| 5. | 13/8.8.17 | 430000 | Learning experience & Management system പദ്ധതിക്കായി Laptops, Desk top, Visual Display Units, etc. എന്നിവ വാങ്ങിയതിന് ഋതു എന്ന സ്ഥാപനത്തിന് നൽകിയത് |
| 6. | 14/18.8.17 | 279600 | Renovating Library space & book racks,Mobile Library, Multi function furniture for primary and lower primary എന്നിവക്കായി ഋതു എന്ന സ്ഥാപനത്തിന് നൽകിയത് |
| 7. | 35/28.12.17 | 60000 | Rain water harvesting system സ്ഥാപിക്കുന്നതിന് ശ്രീ.ബിജു.എം.പി., കരാറുകാരന് നൽകിയത് |
| 8. | 15/8.8.17 | 125000 | Toys for inhouse play & outdoor play space & equipments എന്നിവക്കായി ഋതു എന്ന സ്ഥാപനത്തിന് നൽകിയത് |
| | ആകെ | 4157284 | (1034600/- രൂപയുടെ ചെലവുകൾ ഋതു എന്ന സ്ഥാപനം മുഖേന) |

പദ്ധതിക്കായി ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളിൽ പുൽത്തകിടി ഉണ്ടാക്കൽ, ബയോഗ്യാസ് സ്ഥാപിക്കൽ എന്നിവ ഒഴികെ ബാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റീം ബോയിലർ സ്ഥാപിച്ചതിനാൽ ബയോഗ്യാസ് സ്ഥാപിക്കൽ ഒഴിവാക്കുകയാണുണ്ടായത്. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലോകബാങ്ക് വിഹിതം പരമാവധി പ്രയോജനപ്പെടുത്തി എന്നത് അഭിനന്ദനാർഹമാണ്.

എന്നാൽ മേൽ പ്രൊജക്റ്റിന്റെ ഭാഗമായി നടത്തിയിട്ടുള്ള വാങ്ങലുകളും സേവനങ്ങൾ ലഭ്യമാക്കലുകളും പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിൽ നിന്നോ താനിക്കുന്ന് GLPസ് ക്കൂളിൽ നിന്നോ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങൾക്കനുസരിച്ചല്ല പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രൊജക്റ്റ് രൂപീകരണ നിർവ്വഹണ ഘട്ടത്തിലൊന്നും തന്നെ ചെയ്യേണ്ട ഘടകങ്ങൾ സംബന്ധിച്ചോ നിർവ്വഹണ രീതി സംബന്ധിച്ചോ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചകൾ നടത്തിയതായി രേഖകളില്ല.

2. കെട്ടിട നിർമ്മാണം ഒഴികെയുള്ളവ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന അക്കാഡമിക് വിഷയങ്ങളുൾപ്പെടുന്ന പ്രവർത്തനങ്ങളാണെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ആയ ഹെഡ്മാസ്റ്റർ അല്ല, അസിസ്റ്റന്റ് എഞ്ചിനീയർ ആണ് .

3. പ്രൊജക്റ്റിന്റെ ഭാഗമായി നടത്തിയിട്ടുള്ള വാങ്ങലുകളും സേവനങ്ങൾ ലഭ്യമാക്കലുകളും പ്രവൃത്തികളുടെ ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ വെച്ച് അംഗീകരിച്ചിട്ടില്ല.

4. ബിൽ നം.35/28.12.17 പ്രകാരം 60000/-രൂപ Rain water harvesting system സ്ഥാപിക്കുന്നതിന് ശ്രീ ബിജു.എം.പി. എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും ആദായനികുതി 508/- (@1%), തൊഴിലാളി ക്ഷേമനിധി വിഹിതം 508/- (@1%) എന്നിവ കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

5. ബിൽ നം.13/8.8.17 പ്രകാരം 430000/-രൂപ " Learning & Management System "പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളതിൽ 5 Laptop കളും ഒരു Desk top ഉം വാങ്ങിയതിന്റെ വില ഉൾപ്പെടുന്നു. എന്നാൽ ഇവയുടെ വില പരിശോധിക്കുമ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ NEP3/10192/2015/DPI തീയതി 21.11.16 of the Director of Public Instruction, 460/17 തീയതി 20.02.17 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരമല്ല വാങ്ങിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള പർച്ചേസുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും പ്രസ്തുത നിബന്ധനകൾ ബാധകമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് പരമാവധി നൽകാവുന്ന തുക 24830രൂപയും ലാപ്പ് ടോപ്പിന് നൽകാവുന്നത് 28990/- രൂപയും 5 വർഷത്തെ ഓൺസൈറ്റ് വാറണ്ടി ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഈ വ്യവസ്ഥകൾ പാലിക്കാതെ അധിക തുക ചെലവഴിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ചത് | ചെലവാക്കാവുന്നത് | അധികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1. | ലാപ്പ്ടോപ്പ് | 5nos.*29500/-- 147500 | 5nos.*28990/-- 144950 | 2550 |
| 2. | ഡെസ്ക്ക്ടോപ്പ് | 1 no.*39850= 39850 | 1 no.*24830= 24830 | 15020 |
| | ആകെ | | | 17570 |

സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവഴിച്ച 17570/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത കരാറുകാരനാണ് ടെണ്ടർ നൽകിയത് എന്നാണ്. സർക്കാർ ഉത്തരവ് പാലിക്കാത്തതിനു വിശദീകരണമില്ല.

മറ്റ് അപാകതകൾ

- മേൽ വാങ്ങൽ നടപടികളുടെ ടെണ്ടർ ഷെഡ്യൂൾ പ്രകാരം എല്ലാ ഉപകരണങ്ങൾക്കും 3വർഷത്തെ വാറണ്ടിയേ ആവശ്യപ്പെട്ടിട്ടുള്ളൂ.
- വാങ്ങിയ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ കൃത്യത IKM വിദഗ്ധനോ സാങ്കേതിക വിദഗ്ധനോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ബിൽനം. 16/8. 8.17 പ്രകാരം 200000/- രൂപ(4*50000) മണികണ്ഠൻ.എൻ., "ഋതു" ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിന് "Support &Consultancy Services " നു വേണ്ടി നൽകിയിട്ടുണ്ട്. ടെണ്ടർ ഷെഡ്യൂൾ പ്രകാരം "Support &Consultancy Services "- Continuous support and consultancy on learning activity packages including updates, teacher familiarisation, hand on workshops content Creation and academic support for Std. I to IV എന്നിവക്കാണ് ടെണ്ടർ വിളിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതും SSA മുഖേനയും മറ്റു സർക്കാർ സംവിധാനങ്ങളിലൂടെയും അദ്ധ്യാപകർ മുഖേനയും നടപ്പിലാക്കേണ്ട അക്കാഡമിക് പ്രവർത്തനങ്ങൾക്കായി ഒരു സ്വകാര്യ ഏജൻസിക്ക് കരാർ കൊടുത്തത് ശരിയായ നടപടിയല്ല. 01.01.16 ലെ ജി.ഒ.(എം.എസ്)4/16 ലെ 12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം അദ്ധ്യാപക പരിശീലനങ്ങൾ, പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുൻപ് സർക്കാർ അനുമതി വാങ്ങിയിരിക്കണം. എന്നാൽ അപ്രകാരം മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. മേൽക്കാരണങ്ങളാൽ ഈയിനത്തിൽ ചെലവു ചെയ്ത 200000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

മറ്റ് അപാകതകൾ

- "ഋതു" എന്ന സ്ഥാപനത്തിന് സ്കൂളുകൾക്ക് അക്കാഡമിക് വിഷയങ്ങളിൽ Support &Consultancy Services ചെയ്യുന്നതിനുള്ള അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ല.

- "ജ്വല" ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുമ്പോൾ List of materials appended എന്നു പറയുന്നുണ്ടെങ്കിലും ഇല്ല. സ്ഥാപനവുമായുള്ള കരാറിന്റെ കാലയളവ് വ്യക്തമാക്കിയിട്ടില്ല. ഒരു സാധാരണ പർച്ചേസിന് വെയ്ക്കുന്ന നിബന്ധനകളടങ്ങിയതാണ് കരാർ. നൽകുന്ന സേവനങ്ങൾ സംബന്ധിച്ചോ സപ്ലൈ ചെയ്യുന്ന സാധനങ്ങൾ സംബന്ധിച്ചോ യാതൊരു വിശദാംശങ്ങളുമില്ല.
- സ്ഥാപനത്തിന് തുക നൽകുമ്പോൾ ആദായനികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ട 10% ആദായനികുതി(പ്രൊഫഷണൽ ചാർജ്/ ടെക്നിക്കൽ ചാർജ്) 20000/- രൂപ കുറവ് ചെയ്തിട്ടില്ല.
- പദ്ധതിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി സ്കൂൾ ഹൈടെക്ക് ആക്കിയപ്പോൾ നിലവിലുള്ള ബോധനരീതിയിൽ മാറ്റം വരുത്തേണ്ടതായി വന്നു എന്നാണ്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമല്ലാത്തതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല.

# 3-19 നിയമ പ്രകാരമുള്ള കാലയളവിനുള്ളിൽ എഗ്രിമെന്റ് വെയ്ക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ 22.12.16 ന് നൽകിയ സെലക്ഷൻ നോട്ടീസിൽ 03.01.17 നകം കരാർ വെയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കാണുന്നു . കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി / | ടെണ്ടർ അംഗീകരിച്ചത്/ | എഗ്രിമെന്റ് തീയതി, | ഈടാക്കേണ്ടിയിരുന്നപിഴ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | പി.എ.സി | സെലക്ഷൻ നോട്ടീസ് അയച്ചത് | കരാറുകാരൻ | (1%) |
| 1. | ആയുർവേദ ആശുപത്രി നവീകരണം, 90/17, 60000/- | 20.12.16 22.12.16 | 06.01.19 കെ.എസ്. സോമസുന്ദരം | 1000/- |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ 1000/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പ്രത്യേക വിശദീകരണമില്ല.

# 3-20 പ്രവൃത്തികൾ യഥാസമയം എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി മുൻ വർഷങ്ങളിൽ വിഭാവനം ചെയ്തശേഷം സ്പിൽ ഓവറായി 2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇതിൽ ആദ്യ രണ്ടു പ്രവൃത്തികളിൽ ഓഡിറ്റ് എൻക്വയറി (17/05.03.2019) നൽകിയതിന്റെ അടിസ്ഥാനത്തിൽ പിഴ അടവാക്കിയിട്ടുണ്ട്.

1. ആയുർവേദ ആശുപത്രി നവീകരണം (90/17)
2. ഒറ്റക്കണ്ടത്തിൽ കോളനി കുടിവെള്ള പദ്ധതി കിണറിന് നെറ്റ് സ്ഥാപിക്കൽ (94/17)
3. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(98/17)

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – ഈ പ്രവൃത്തിയിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ പിഴ ചുമത്തിക്കൊണ്ട് സമയം ദീർഘിപ്പിച്ച് നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. പിഴ ചുമത്താതിരുന്നതു മൂലം ഗ്രാമ പഞ്ചായത്തിന് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി. അംഗീകാരം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ

1%, അടുത്ത ഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

പി.എ.സി. -175922.87/-

ചെലവ്- ബിൽ നം .56/ 14.3.18 , തുക – 199978/-

അളവു പുസ്തകം-91/16-17

കരാറുകാരൻ- ശ്രീകുമാരൻ

എഗ്രിമെൻറ് നം- 52/08-03-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31.3.17

പൂർത്തീകരിച്ച തീയതി- 03.10.17

ഈടാക്കേണ്ട പിഴ

ഗ്രേസ് പിരീഡ്- 01.04.17മുതൽ 05.04.17 വരെ- 5 ദിവസം

06.04.17 മുതൽ 04.07.17വരെ: @1% = 175922.87/-*1%- 1759/-

05.07.17 മുതൽ 02.10.17 വരെ @2% - 3518/-

ഈടാക്കേണ്ട ആകെ പിഴ : 5277/-

പിഴ അടവാക്കിയത്- 0/-

ബാക്കി ഈടാക്കേണ്ടത് - 5277/-

# 3-21 പഴയ മോട്ടോർ രേഖാമൂലം തിരിച്ചേൽപ്പിച്ചിട്ടില്ല

പ്രൊജക്റ്റ് നം. -105/18

അടങ്കൽ -37000/- (വികസനഫണ്ട്- SCP)

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

ബിൽനം.- 67/29.03.2018 - 36319/-

അളവുപുസ്തകം - 829/19

നല്ലൂർത്തൊടി കോളനി മോട്ടോർ സ്ഥാപിക്കൽ (105/18) പ്രവൃത്തിയിൽ കേടുവന്ന പഴയ മോട്ടോർ മാറ്റി പുതിയ 2HPമോട്ടോർ സ്ഥാപിക്കുന്നതിനാണ് പ്രൊജക്റ്റ്. എന്നാൽ നീക്കം ചെയ്ത പഴയ മോട്ടോർ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുള്ളതായി

ഫയലിൽ രേഖകളില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/05.03.2019) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി പഴയ മോട്ടോർ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ട് എന്നാണ്. മരാമത്തു പ്രവൃത്തികളുടെ ഭാഗമായി ലഭ്യമാകുന്ന സാധനസാമഗ്രികൾ രേഖാമൂലം പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതും പഞ്ചായത്ത് ഇവയുടെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

# 3-22 താന്നിക്കുന്ന് ജി.എൽ.പി.സ്ക്കൂൾ ബസ്സിന് ഇൻഷുറൻസ് & മെയിന്ററനൻസിനായി പഞ്ചായത്ത് പ്രൊജക്റ്റ് വച്ച് തുക അനുവദിച്ചു

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വിദ്യഭ്യാസസ്ഥാപനങ്ങൾക്കായി വാങ്ങുന്ന വാഹനങ്ങളുടെ ഉടമസ്ഥത,പരിപാലനച്ചെലവ്, എന്നിവയെ സംബന്ധിച്ച സ.ഉ (പി) നം.583/2010/ഫിൻ തിയതി 15/11/2010 പ്രകാരം, വാഹനത്തിൻെറ പ്രവർത്തനച്ചെലവ്, റിപ്പയർ, ഡ്രൈവർ മറ്റു ജീവനക്കാർക്കുള്ള വേതനം മുതലായ എല്ലാ ചെലവുകളും സ്ഥാപനത്തിലെ പി.ടി.എ. വഹിക്കേണ്ടതാണ്.

മേൽ ഉത്തരവ് നിലനിൽക്കെ എച്ച്.എം, നിർവ്വഹണോദ്യോഗസ്ഥനായി പ്രൊജക്റ്റ് നം. S0020/18 (ഇൻഷുറൻസ് & മെയിന്റനൻസ് - താന്നിക്കുന്ന് ജി.എൽ.പി.സ്കൂൾ ബസ്സ്) എന്ന പ്രൊജക്റ്റു പ്രകാരം തുക വകയിരുത്തി 1,20,000 രൂപ നല്കിയിട്ടുള്ളതായി കാണുന്നു. സ്കൂളിലെ ബസ്സ് എം എൽ എ ഫണ്ടുപയോഗിച്ച് വാങ്ങിയതിനാൽ ഇത് ക്രമപ്രകാരമല്ല.

അപ്രകാരമുള്ള ഒരു പ്രൊജക്റ്റ് പഞ്ചായത്ത് വയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/1.03.2019 ) അധികൃതർ പഞ്ചായത്ത് താഴെ പറയുന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2011-12 വർഷം മുതലാണ് പി.ടി.എ. വാഹനം വാടകയ്ക്ക് എടുത്ത് കുട്ടികളെ സ്കൂളിൽ എത്തിക്കാൻ തുടങ്ങിയത്. തുടർന്ന് പി.ടി.എ യുടെയും, പഞ്ചായത്തിൻെറയും സംയുക്ത നിവേദനത്തിൽ എം.പി. 2013-14ൽ ബസ്സ് അനുവദിച്ചുതന്നത്. ആ വർഷം ഇൻഷുറൻസ് മുതലായ ചെലവുകൾക്കുള്ള തുക എം.പി. ഫണ്ടിൽ നിന്നും ലഭിച്ചെങ്കിലും, തുടർവർഷങ്ങളിൽ ടി ചെലവുകൾക്ക് സംഖ്യ കണ്ടെത്താൻ പി.ടി.ഐ. പഞ്ചായത്തിനോട് അപേക്ഷിച്ചതിൻെറ വെളിച്ചത്തിൽ, 2014-15, 2015-16, 2017-18 വർഷങ്ങളിൽ പദ്ധതിയിൽ നോൺ റോഡ് മെയ്ന്റനൻസിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. മാത്രമല്ല,

ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്ക് വാഹനത്തിൻെറ മെയ്ൻറ്റനൻസ്, ഇന്ധനം എന്നിവയ്ക്ക് പദ്ധതി അനുവദിക്കാനുള്ള ഉത്തരവിൻെറ കൂടി അടിസ്ഥാനത്തിലാണ് ഇപ്രകാരം പ്രവർത്തിച്ചു വന്നത്. എന്നാൽ പിന്നീട് ടി ഉത്തരവ് നിർത്തലാക്കിയതിനാൽ, 2018-19 വർഷത്തിൽ തുക ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായ ഇത്തരം ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 3-23 എച്ച്.എം. നിർവ്വഹണം നടത്തിയ പദ്ധതികളെ സംബന്ധിച്ച്

<u>1.വാഹനത്തിന് ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്</u>

എച്ച്.എം.നിർവ്വഹണോദ്യോഗസ്ഥനായി താന്നിക്കുന്ന് ജി.എൽ.പി.എസ്. സ്കൂളിൽ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് - നം. S0020/18 മുഖേന താന്നിക്കുന്ന് ജി.എൽ.പി.എസ്. സ്കൂൾ ബസ്സി (കെ.എൽ.51 ഇ.971) ന് ഇൻഷുറൻസ്, മെയ് ന്റനൻസ് എന്നിവയുടെ ചെലവിലേയ്ക്കായി 1,20,000 രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ബസ്സിൻെറ ഇന്ധന ഉപയോഗത്തിൻേറയും, അറ്റകുറ്റപ്പണികളുടേയും കൃത്യത പരിശോധിക്കാനായി ലോഗ് ബുക്ക് ഓഡിറ്റ് പരിശോധനാവേളയിൽ ഹാജരാക്കിയിട്ടില്ല.

ഇന്ധന ഉപയോഗത്തെപ്പറ്റിയും, വാഹനത്തിൻെറ അറ്റകുറ്റപ്പണികളെപ്പറ്റിയും സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ ലോഗ് ബുക്ക് സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.ഓരോ യാത്രയ്ക്ക് മുൻപും ഡ്രൈവറുടെ കൈവശം ലോഗ് ബുക്ക് ഉണ്ടെന്ന് നിയന്ത്രണാധികാരി ഉറപ്പാക്കേണ്ടതാണ്. ഓരോ മാസാവസാനവും തൻെറ നിയന്ത്രണത്തിലുള്ള വാഹനത്തിനെ സംബന്ധിച്ചുള്ള ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്. ലോഗ് ബുക്കിൽ ഇന്ധനഉപയോഗത്തെപ്പറ്റിയും, വാഹനത്തിൻെറ അറ്റകുറ്റപ്പണികളെപ്പറ്റിയും സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. തൻമാസത്തെ ഇന്ധനഉപയോഗം, യാത്ര ചെയ്ത ദൂരം എന്നിവയുടെ സംക്ഷിപ്തം മാസാവസാനം രേഖപ്പെടുത്തേണ്ടതാണ് എന്നിരിക്കെ, താന്നിക്കുന്ന് ജി.എൽ.പി.എസ്. സ്കൂളിന് കൈവശമുള്ള ബസ്സിന് ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/02.03.2019) വരും വർഷങ്ങളിൽ ഈ രേഖ കൃത്യമായി സൂക്ഷിക്കുന്നതാണെന്നും, ഓഡിറ്റ് അവസരങ്ങളിൽ ഹാജരാക്കുന്നതാണ് എന്നും നിർവ്വഹണോദ്യാഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>2.പട്ടികജാതി,പട്ടികവർഗവിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങിനൽകൽ- പട്ടികജാതി വികസനവകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u>

എച്ച്.എം.നിർവ്വഹണോദ്യോഗസ്ഥനായി, പട്ടികജാതി, പട്ടികവർഗവിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ - എന്ന പ്രോജക്റ്റിൽ (നം. S0060/18 ) - പട്ടികജാതി വികസന വകുപ്പിൽ നിന്നും സാക്ഷ്യപത്രം - തങ്ങളുടെ വകുപ്പിൽ നിന്നും, സൈക്കിളുകൾ ടി വിദ്യാർത്ഥികൾക്ക് പ്രോജക്റ്റ് മുഖേന നല്കിയിട്ടില്ല – എന്നുള്ളത് ഹാജരാക്കിയിട്ടില്ല.

മേൽ ഓഡിറ്റ് അന്വേഷണത്തിന മറുപടിയായി, ശ്രീകൃഷ്ണപുരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്നും സാക്ഷ്യപത്രം എത്രയും പെട്ടെന്ന് നല്കാൻ അപേക്ഷിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ടി സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. എച്ച്.എം.,താന്നിക്കുന്ന് ജി.എൽ.പി.എസ്. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് - നം. S0074/18 – തുടർ സാക്ഷരതാ പദ്ധതി- എന്ന പ്രോജക്റ്റിന് അടങ്കൽ തുകയായി 50000 രൂപ വകയിരുത്തി 19,500 രൂപ സാക്ഷരതാ പ്രേരകിന് ഓണറേറിയം നല്കിയിട്ടുണ്ട്.

സാക്ഷരതാ മിഷൻ നടത്തേണ്ടതായ സർവ്വേപ്രവർത്തനം എച്ച്.എം. നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് മുഖേന നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു. മേൽ പ്രോജക്റ്റ് (S0074/18) മുഖേന താഴെപ്പറയും പ്രകാരം തുക ചെലവഴിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥനോട് നിർദ്ദേശം നൽകി.

ഇൻസ്ട്രക്റ്റർ പരിശീലനം-3000 രൂപ

ഇൻസ്ട്രക്റ്റർ ഓണറേറിയം വാർഡ് ഒന്നിന്- 1000 രൂപ

പഠനോപകരണങ്ങൾ വാങ്ങുന്നതിന്- 4000 രൂപ

പഠന ക്ലാസുകളിൽ മോണിറ്ററിംഗ് സമിതി- 6500 രൂപ

പഠിതാക്കളുടെ സംഗമം- 3000 രൂപ

സാക്ഷരതാ മിഷൻ നടത്തേണ്ടതായ സർവ്വേപ്രവർത്തനം എച്ച്.എം. നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് മുഖേന നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും, മേൽ സൂചനാ വിഷയങ്ങൾക്ക് 2018-19 വർഷത്തിൽ തുടർ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ടോ എന്നീ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ഇപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സാക്ഷരതാ പ്രേരക്ക് തന്നെയാണ് ടി പദ്ധതിയുടെ നടത്തിപ്പ് ചെയ്യുന്നതെന്നും, അവർ നിർവ്വഹണോദ്യോഗസ്ഥയല്ലാത്തതിനാലും, ഈ പ്രോജക്റ്റ് വിദ്യഭ്യാസവുമായി ബന്ധപ്പെട്ടതിനാലുമാണ് ഗ്രാമപഞ്ചായത്ത് സമിതി തീരുമാനം നം. 11.22.11.2017 പ്രകാരം, തന്നോട് (എച്ച്.എം. ജി.എൽ.പി.എസ്.,താന്നിക്കുന്ന്), നിർവ്വഹിക്കാൻ ആവശ്യപ്പെടുകയും, അതിന് പ്രകാരമാണ് താൻ നിർവ്വഹണോദ്യോഗസ്ഥനായതെന്നും വിശദമാക്കിയിട്ടുണ്ട്.

# 3-24 അയൽപ്പക്ക പഠനവീട് 19000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പദ്ധതി – അയൽപ്പക്ക പഠനവീട്(140/18)

അടങ്കൽ - 50000/-രൂപ (പ്ലൻ എസ്.സി.പി)

ചെലവ് - 19000/- (ട്രഷറി ബിൽ നം.18/18)

പഞ്ചായത്തിലെ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടി എന്ന നിലയിലാണ് പദ്ധതി അംഗീകാരം ലഭ്യമായിട്ടുള്ളത്.

കുട്ടികൾക്ക് ലഘുഭക്ഷണം നൽകിയ വകയിലാണ് 19000/- രൂപ ചെലവഴിച്ചിരിക്കുന്നത്. എന്നാൽ പട്ടികജാതി കോളനികളിൽ ക്ലാസ്സുകൾ നടത്തിയതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.18/5.3.2019 നുള്ള മറുപടിയിൽ 5 കേന്ദ്രങ്ങളിലായിട്ടായിരുന്നു വിദ്യാർത്ഥികൾക്ക് ക്ലാസ്സ് എടുത്തത് എന്ന് പറയുന്നുണ്ട്. വിവധ കേന്ദ്രങ്ങളിൽ ക്ലസ്സ് എടുത്തിന്റെ രേഖകൾ വിദ്യാർത്ഥികളുടെ ഹാജർ സഹിതം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിനു വേധേയമായി 19000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 3-25 പാലിയേറ്റീവ് പരിചരണം - അവലോകനം

ഗ്രാമപഞ്ചായത്ത് ആരോഗ്യ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നടത്തിപ്പും തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ എത്രത്തോളം ശ്രദ്ധിച്ചിട്ടുണ്ട് എന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

<u>സാന്ത്വന പരിചരണ പദ്ധതി</u>

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/ തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവിഷ്കരിച്ച പാലിയേറ്റീവ് പരിചരണ പരിപാടി പ്രകാരം അർഹരായവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുണ്ടോ എന്നും പദ്ധതി നടത്തിപ്പ രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണോ എന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രൊജക്ട് നം. 24/18-പെയിൻ & പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -400000 (400000വികസന ഫണ്ട് (ജനറൽ)

ആകെ ചെലവ്- 400000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

പഞ്ചായത്തിൽ 2011 നവംബർ മാസത്തിലാണ് സാന്ത്വന പരിചരണ പദ്ധതി പ്രവർത്തനം തുടങ്ങിയത്.

എ. ചെലവു വിവരം

വീടുകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഇക്കാര്യത്തിനായി ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വിഹിതമായി വകയിരുത്തിയ 400000 രൂപയിൽ 400000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ബിൽ നമ്പരും തിയ്യതിയും | തുക |
|---|---|
| 1/17-18 dt 23.8.17 | 102452 |
| 2/17-18 dt 23.8.17 | 28440 |
| 3/17-18 dt 23.8.17 | 24240 |
| 4/17-18 dt 23.8.17 | 27150 |
| 5/17-18 dt 23.8.17 | 20916 |
| 6/17-18 dt 23.8.17 | 105154 |
| 7/17-18 dt 23.8.17 | 26172 |
| 8/17-18 dt 23.8.17 | 65476 |
| ആകെ | 400000 |

ബി.പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം

2018 മാർച്ച് 31 വരെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ആകെ 442പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1.4.17 മുതൽ 31.3.18 വരെ 133 ഹോം കെയർ നടത്തുകയും 941 രോഗികളെ കാണുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ 85പേരുടെ ഫോളോഅപ്പ്, ഹോം കെയർ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരികയും ചെയ്യുന്നുണ്ട്. ആഴ്ചയിൽ 4 ദിവസങ്ങളിലായി വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം, മോട്ടീവേഷൻ ക്ലാസ്,പഠനോപകരണ വിതരണം, വയോജന സംഗമം എന്നിവ നടത്തി വരുന്നുണ്ട്. വിവിധ സംഘടനകളുടേയും വ്യക്തികളുടേയും സംഭാവന മുഖേന നിർദ്ധനരായ രോഗികളുടെ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠന കിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സി. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി)

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പി.എം.സി രണ്ടുമാസത്തിലൊരിക്കലോ ഇടവേളകളിലോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ് എന്നി നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 കൃത്യമായ ഇടവേളകളിൽ പി.എം.സി യോഗം ചേർന്നിട്ടുണ്ട്.

ഡി. പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (പി.ഐ.സി)

മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ (പി.ഐ.സി)

രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തിയതിക്കു മുമ്പായി പി.ഐ.സി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

<u>ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പി.എം.സി, പി.ഐ.സിയുടെ എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
2. പദ്ധതിക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്
4. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
6. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ ഒരു വാർഡ് തല കമ്മിറ്റി രൂപീകരിക്കേണ്ടതിൻെറ സാധ്യത പരിശോധിക്കേണ്ടതാണ്.
   മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-26 അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിൽ 455008/-രൂപ വിനിയോഗിക്കപ്പെടാതെ അക്കൗണ്ടിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നതായി രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് പഞ്ചായത്തിൽ ആകെ 16 അങ്കണവാടികളുള്ളതിൽ കടുങ്ങൻചിറ, കല്ലുവഴി നോർത്ത് എന്നീ അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സർക്കുലർ നം. 39033/ഡി.സി2/2010/ത.സ്വ.ഭ.വ തിയതി 3.09.2010 പ്രകാരം പൂരക പോഷകാഹാര പദ്ധതിക്കായി(എസ്.എൻ.പി) ലഭ്യമാവുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, ഇതര ഭൗതിക സാഹചര്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖ സ.ഉ (എം.എസ്)നം.72/2017/ത.സ്വ.ഭ.വ തീയതി 29.03.2017 പ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ നിർബന്ധിത പ്രൊജക്ടുകളായി നടപ്പിലാക്കേണ്ടവയാണ്. ആയതിനാൽ അത്തരം പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-27 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -അർഹമായ മുഴുവൻ തുകയും നൽകേണ്ടതാണ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ടിന് (പ്രൊജക്ട് നമ്പർ-22) താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ജനറൽ) | 225000 (പദ്ധതി വിഹിതം-175000.<br><br>ബ്ലോക്ക് പഞ്ചായത്ത്-50000 | 225000 (പദ്ധതി വിഹിതം-175000.<br><br>ബ്ലോക്ക് പഞ്ചായത്ത്-50000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ്.സി) | 100800 (പദ്ധതി വിഹിതം-എസ്.സി.പി) | 100800 (പദ്ധതി വിഹിതം-എസ്.സി.പി) |

3-4-17 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ. ഉത്തരവിലെ ഖണ്ഡിക 10.3 പ്രകാരം മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത ഇനത്തിൽ പ്രതിമാസം ആയിരം രൂപ വീതവും വസ്ത്രത്തിനും, പഠന

സഹായിക്കും, ഉല്ലാസ യാത്രയ്ക്കും വർഷത്തിൽ യഥാക്രമം 1500, 2000, 1000 രൂപയും സാമ്പത്തിക സഹായം നൽകാമെന്ന്(പരമാവധി 28500) വ്യക്തമാക്കിയിട്ടുണ്ട്.
(ഉദാ. എസ്.സി വിഭാഗത്തിൽ, ഗോപിരാജ്, അരുണകൃഷ്ണ എന്നവർക്ക് 13500 രൂപയും ജനറൽ വിഭാഗത്തിൽ ഫയാസിന് 15500 രൂപയും സൗമ്യക്ക് 13500 രൂപയുമാണ് നൽകിയിരിക്കുന്നത്.വിദ്യാർത്ഥികൾക്ക് തുക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ഇല്ലാത്താത്തതിനാൽ വിദ്യാർത്ഥികൾക്ക് നിയമാനുസൃത തുക അനുവദിച്ചിട്ടുണ്ടോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ്.സി.പി) എന്ന പ്രൊജക്ടിന് ജില്ലാ പഞ്ചായത്തിൽ നിന്നും തുക വകയിരുത്തുകയോ ലഭിക്കുകയോ ചെയ്തിട്ടില്ല. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ജനറൽ വിഭാഗത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ തുക വകയിരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭാവിയിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ വിഷയം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-28 ടി.എച്ച്.ആർ.എസ് ലാബ് റിപ്പോർട്ട് സംബന്ധിച്ച്

പൂക്കോട്ടുക്കാവ് ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അംഗണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 31.1.18 ൽ മാത്രമാണ് ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിൽ നിന്നും റിപ്പോർട്ട് ലഭ്യമായിരിക്കുന്നത്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

# 3-29 സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപിച്ച 100000/- രൂപ

# തിരിച്ചടവാക്കേണ്ടതാണ്

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ കുടുംബശ്രീ മൈക്രോസംരഭങ്ങൾക്ക് സബ്സിഡി(139/18) – എന്ന പദ്ധതി പ്രകാരം "കുടുംബശ്രീ മാനദണ്ഡ പ്രകാരം തെരഞ്ഞെടുക്കുന്ന 10 പേരുടെ ആക്റ്റിവിറ്റി ഗ്രൂപ്പിന് ധനസഹായം നൽകുന്നു, ഒരാൾക്ക് പരമാവധി 10000/- രൂപ നിരക്കിൽ പരമാവധി 100000/- രൂപ സബ്സിഡി നൽകുന്നതിനാണ് " ലക്ഷ്യമിട്ടിട്ടുള്ളത്.

എന്നാൽ പദ്ധതി പ്രകാരം 100000/- രൂപ (ട്രഷറി ബിൽ നം. 16/31.3.2018) )പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച് സി.ഡി.എസ് അക്കൗണ്ടിലേക്ക് 3.4.2018 ന് (അക്കൗണ്ട് നം.1587101012072) നിക്ഷേപിക്കുകയാണ് ചെയ്തിരിക്കുന്നത്. തുക നാളിതുവരെയായും ഉപയോഗപ്പെടുത്തിയിട്ടില്ല. ആയത് സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. ഓഡിറ്റ് (അന്വേഷണം നം.18/5.3.2019).

കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾക്ക് ഒരു തൊഴിൽ സംരംഭ പദ്ധതിയുടെ അടിസ്ഥാനത്തിലാണ് റിവോൾവിങ്ങ് ഫണ്ട് അനുവദിക്കാവുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/18/ ത.സ്വ.ഭ.വ 14.02.18 ലെ നിർദ്ദേശങ്ങൾ – (സംരംഭകത്വ പ്രോത്സാഹനം, റിവോൾവിങ്ങ് ഫണ്ട് രൂപീകരണവും, വിനിയോഗവും) മേൽ പദ്ധതി നിർവ്വഹണത്തിൽ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-30 ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തിയത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രൊജക്റ്റ് നമ്പർ -212/18

പ്രൊജക്റ്റ് - അങ്കണവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ

അടങ്കൽ - 92571

ചെലവ് -92571

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം 92571 രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ 10/30.3.18). പ്രസ്തുത പ്രൊജക്റ്റിന് 12.3.18 ന് ക്വട്ടേഷൻ വിളിക്കുകയും ലഭ്യമായ 3 ക്വട്ടേഷനിൽ കുറവ് തുക ക്വാട്ട് ചെയ്ത റിതു, ശ്രീകൃഷ്ണപപുരം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുകയും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഉപകരണങ്ങൾ അംഗൻവാടികളിലേക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ- മാർഗരേഖ പ്രകാരം (ജി.ഒ(പി)259/10/08.11.2010) 25000/- മുകളിൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ഓപ്പൺടെൺഡർ അല്ലെങ്കിൽ ലിമിറ്റഡ് ടെൺഡർ -ക്ഷണിക്കേണ്ടതാണ് കുറഞ്ഞത് 8-10 പേരിൽ നിന്നും ടെൺഡർ ക്ഷണിക്കണം,4-6 വരെ ടെൺഡർ ലഭിക്കണം.14 ദിവസത്തെ സമയം നൽകണം. മേൽ വ്യവസ്ഥകൾ പാലിക്കാതെ 3 സ്ഥാപനങ്ങളിൽ നിന്ന് മാത്രം ക്വട്ടേഷൻ സ്വീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/25.2.19) നൽകിയ വിശദീകരണം തൃപ്തികരമല്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-31 ഭവനപുനരുദ്ധാരണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് സബ്സിഡി മാർഗ്ഗലംഘനം

2017-18 ൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 186 | ഭവന പുനരുദ്ധാരണം (ജനറൽ) | 10000 | 10000 |

ജി.ഒ (എം.എസ്) നം.72/2017 ത.സ്വ.ഭ.വ തീയ്യതി 29.03.2017 പ്രകാരം മേൽപറഞ്ഞ പ്രവൃത്തികൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ അനുമതിയില്ല.പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് സബ്സിഡി നൽകാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (8/27.2.18) തൃപ്തികരമായ വിശദീകരണം നൽകിയില്ല. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രൊജക്ട് നടപ്പാക്കാവൂ എന്നും സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതുമാണ് എന്നും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-32 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൻവർഷത്തെ വരവ്- ചെലവ് കണക്കുകൾ, നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിവയുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിശദാംശം | 2017-18 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2959 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2959 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 768 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 173101050 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 365 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 264 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 32<br>29.69 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 17762798 |
| 9 | തൻവർഷത്തെ ചെലവ് | 17758569 |

| | | |
|---|---|---|
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1094 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 974 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 109 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത്<br><br>തൊഴിൽ രഹിത വേതനം നൽകിയത് | ഇല്ല |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| 15 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ | സൂക്ഷിക്കുന്നുണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 1.കിണർ കുഴിക്കൽ - 85 എണ്ണം(1316771/-)<br><br>2. കുളം - 19(95995/-)<br><br>3.കിണർ റീചാർജ്ജ് -20 (342278/-) |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2017-18 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 87 | 2510571 |
| 2 | ചെറുകിട ജലസേചനം | 2 | 1672941 |
| 3 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 85 + 42 | 1316771+ 1308688 |
| 4 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 35+19 | 2757019 +<br><br>95995 |
| 5 | ഭൂവികസനം | 6 | 1594043 |
| 6 | പി.എം.എ.വൈ ഭവനം | 51 | 932963 |
| 7 | റോഡ് കോൺക്രീറ്റ് | 11 | 3496538 |
| 8 | റോഡ് ഫോർമേഷൻ | 27 | 864110 |

| | | | |
|---|---|---|---|
| 9 | മറ്റു ചെലവുകൾ | അഡ്മിൻ ചെലവുകൾ | 1208930 |

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റ് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 455000 | ഉഴവുകൂലി | 455000 | 0 |
| | 2017-18 | 50000 | വികലാംഗർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| | 2017-18 | 75000 | പാലിന് ഇൻസന്റീവ് | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | പാലിന് ഇൻസന്റീവ് | 50000 | 0 |

മുൻ വർഷം പാലിന് ഇൻസന്റീവിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായതിൽ നീക്കിയിരിപ്പുള്ള 626/- രൂപ തൻവർഷവും നീക്കിയിരിപ്പുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പദ്ധതി | തുക | ട്രഷറി ബിൽ നം. | നിർവ്വഹണ ഏജൻസി |
|---|---|---|---|
| വാട്ടർ ആതോറിറ്റി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതി(145/18) | 2400000 | 10/25.8.17 | കേരള വാട്ടർ ആതോറിറ്റി |
| | 1609458 | 13/31.8.17 | കേരള വാട്ടർ ആതോറിറ്റി |
| സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ(14/18) | 497500 | 48/13.3.18 | കെ.എസ്.ഇ.ബി |
| വിവധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടിൽ(206/18) | 376760<br>365240 | 27/18.12.17<br>28/30.12.17 | കേരള വാട്ടർ ആതോറിറ്റി |
| ഓടാട്ട് കോളനി പൈപ്പ് ലൈൻ നീട്ടിൽ(133/18) | 75000 | 55/24.3.18 | കേരള വാട്ടർ ആതോറിറ്റി |
| പട്ടികജാതി കുടിവെള്ളമെത്തിക്കൽ(210/18) | 250000 | 57/24.3.18 | കേരള വാട്ടർ ആതോറിറ്റി |

| | | | |
|---|---|---|---|
| വാഴൂർ കൈപഞ്ചേരി പൈപ്പ് ലൈൻ നീട്ടിൽ(189/18) | 75000 | 56/24.3.18 | കേരള വാട്ടർ ആതോറിറ്റി |
| വെൺമരപറമ്പ് പൈപ്പ് ലൈൻ നീട്ടിൽ(111/18) | 100000 | 54/24.3.18 | കേരള വാട്ടർ ആതോറിറ്റി |
| ലക്ഷം വീട് കോളനി പൈപ്പ് ലൈൻ നീട്ടിൽ(94/18) | 75000 | 53/24.3.18 | കേരള വാട്ടർ ആതോറിറ്റി |
| നീലാഞ്ചേരിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ(120/18) | 385000 | 52/24.3.18 | കേരള വാട്ടർ ആതോറിറ്റി |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിക്കുകയോ വർഷാവസാനം വായ്പ തുക തിരിച്ചടയ്ക്കാൻ അവശേഷിക്കുകയോ ചെയ്യുന്നില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3625/- രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗ പേരും | രസീതി നം. / തീയതി |
|---|---|---|---|---|
| 2015-16 | 3-2 | 3625 | ശശിധരൻ നായർ, അസി. സെക്രട്ടറി | 11701102871/ 20.03.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) <u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഒന്നുമില്ല

(ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58753275.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57195669 |
| വരവിനങ്ങളിലുള്ള നഷ്ടം | 1750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 113009 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2466350 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1750 | | ശ്രീ. ഇ.ഹരിദാസൻ, സെക്രട്ടറി |
| 3-3 | | 6754 | ശ്രീ. ഇ.ഹരിദാസൻ, സെക്രട്ടറി |
| 3-17 | | 99978 | ശ്രീ.കെ.പി. ബാലകൃഷ്ണൻ, അസി.എഞ്ചിനിയർ |
| 3-19 | | 1000 | -ടി - |
| 3-20 | | 5277 | -ടി- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 1080000 | ശ്രീ ഇ.ഹരിദാസൻ, സെക്രട്ടറി |
| 3-4 | 399000 | – ടി – |
| 3-6 | 50000 | ശ്രീ ആര്യനാഥ്.വി. കൃഷി ഓഫീസർ |
| 3-7 | 129500 | – ടി – |
| 3-8 | 471100 | – ടി – |
| 3-17 | 100000 | ശ്രീ.കെ.പി. ബാലകൃഷ്ണൻ, അസി.എഞ്ചിനിയർ |
| 3-18 | 217750 | - ടി - |
| 3-24 | 19000 | ശ്രീ ആഷിഫ്, അസി.സെക്രട്ടറി |
| ആകെ | 2466350 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-18 | 21016 | ശ്രീ.കെ.പി. ബാലകൃഷ്ണൻ, അസി.എഞ്ചിനിയർ |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.പി. ബാലകൃഷ്ണൻ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | കോട്ടപ്പടി വീട്, കടമ്പഴിപ്പുറം പോസ്റ്റ്, പാലക്കാട്. |
| ശ്രീ.ഇ.ഹരിദാസൻ സെക്രട്ടറി | സെക്രട്ടറി പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | എരളയത്ത് വീട് ശിവൻകുന്ന് മണ്ണാർക്കാട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/പി.കെ.ഡി 12/963/18 തീയതി 27.09.2018 | 9 |
| 1997-98 | | 2 |
| 1998-99 | | 2 |
| 1999-2000 | | 3 |
| 2000-01 | | 1 |
| 2001-02 | | 4 |
| 2002-03 | | 4 |
| 2003-04 | കെ.എസ്.എ/പി.കെ.ഡി 12/963/18 തീയതി 27.09.2018 | 9 |
| 2004-05 | | 1 |
| 2005-06 | | 9 |
| 2006-07 | | 1 |
| 2007-08 | എൽ.എഫ്. പി12/2232/12 തീയതി 24.05.13 | 9 |
| 2008-09 | എൽ.എഫ്. പി12/1331/15 തീയതി 17.09.15 | 12 |
| 2009-10 & 2010-11 | കെ.എസ്.എ/പി.കെ.ഡി 12/1184/16തീയതി 5.10.16 | 10 |
| 2011-12 | എൽ.എഫ് പി 12/1582/14/11.11.14 | 15 |
| ഫ2012-13 | എൽ.എഫ്.പി 12/ 931/15 തീയതി 20.10.15 | 17 |
| 2013-14 & 2014-15 | കെ.എസ്.എ/പി.കെ.ഡി 12/233/16തീയതി 5.1.18 | 22 |
| 2015-16 | നം.കെ.എസ്.എ/പി.കെ.ഡി 12/1882/16തീയതി 6.06.18 | 12 |
| 2016-17 | കെ.എസ്.എ/പി.കെ.ഡി 12/1800/17തീയതി 12.03.18 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. വസ്തുനികുതി: സഞ്ചയയിലേയും വാർഷിക കണക്കിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.
4. ഡെപ്പോസിറ്റ് വർക്കുകൾക്കുവേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ "Advance to implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം &എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (I-16) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വാർഷിക ധനകാര്യ പത്രികകൾ -സംക്ഷിപ്തം

| | | | |
|---|---|---|---|
| Pookkottukavu Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3384495.50 |
| Cash | Cash | RP-40(a) | 55519.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 573920.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 278309.00 |
| 150000000 | Sale & Hire Charges | RP-5 | 88502.00 |
| 151000000 | Receipts from Transferred Institutions | RP-6 | 22997.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48205902.00 |
| 171000000 | Interest Earned | RP-9 | 26673.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3450196.00 |
| 350000000 | Other Liabilities | RP-36 | 3100.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 4236.00 |
| 311000000 | Earmarked Funds | RP-29 | 319.00 |
| 340000000 | Deposits Received | RP-34 | 274071.00 |
| 350000000 | Other Liabilities | RP-36 | 121975.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2252561.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 58753275.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2023499.00 |
| 220000000 | Administrative Expenses | RP-12 | 769100.00 |
| 230000000 | Operations & Maintenance | RP-13 | 1325420.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3577386.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7522195.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 902446.00 |
| Page No : 1 | | | |
| — | | | |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1362577.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 61530.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10154666.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 280000000 | Prior Period item | RP-26 | -7556.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2207583.00 |
| 350000000 | Other Liabilities | RP-36 | 3507753.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2494.00 |
| 340000000 | Deposits Received | RP-34 | 378873.00 |
| 350000000 | Other Liabilities | RP-36 | 1077287.00 |
| 410000000 | Fixed Assets | RP-38 | 10370510.00 |
| 412000000 | Capital work in Progress | RP-40 | 9933302.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1309814.00 |
| 460000000 | Loans, Advances and Deposits | RP-47 | 706790.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 1397212.50 |
| Cash | Cash | RP-40(b) | 160394.00 |
| | Grand "total | | 58753275.50 |

| | | | |
|---|---|---|---|
| Pookkottukavu Grama Panchayat | | | |
| BALANCE SHEET | | | |
| For the period from 01-April-2017 to 31-March-2018 | | | |
| • | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 29889727.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 7329.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 30103791.00 |
| | Total Reserve & Surplus | | 60000847.40 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1744755.00 |
| | Total Grants, Contributions for Specific Purposes | | 1744755.00 |
| Loans | | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 546201.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 593791.00 |
| | Total Current Liabilities and Provisions | | 1139992.00 |
| | TOTAL LIABILITIES | | 62885594.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 59749341.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 59749341.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1309813.90 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -27720.00 |
| 450000000 | Cash and Bank Balance | B-17 | 1557606.50 |
| 460000000 | Loand, Advances and Deposits | B-18 | 296553.00 |
| | Total Current Assets, Loans and Advances | | 3163973.40 |
| | Total Current Assets, Loans and Advances | | -27720.00 |
| Page No : 1 | | | |
| Other Assets | | | |
| Miseellaneotts Expenditure (To the Extent not written off) | | | |
| TOTAL ASSETS | 62885594.40 | | |

| | | | |
|---|---|---|---|
| Pookkottukavu Grama Panchayat | | | |
| INCOME & EXPENDITURE STATEMENT | | | |
| 1-or the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1917278.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 1500.00 |
| 140000000 | Fee & User Charges | I-4(b) | 291409.00 |
| 150000000 | Sale & Hire Charges | I-5(b) | 88502.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 22997.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | 1-6 | 94410309.00 |
| | Subsidies | | |
| 171000000 | Interest Earned | 1-8 | 26673.00 |
| 180000000 | Other Income | 1-9 | 4236.00 |
| | Total Income | | 96762904.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6547566.00 |
| 220000000 | Administrative Expenses | I-11(b) | 769100.00 |
| 230000000 | Operations & Maintenance | I-12(b) | 1325420.00 |
| 240000000 | Interest & Finance Charges | I-13 | 2494.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 4477386.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23675624.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 902446.00 |
| 253000000 | Decentralised Plan Programme-Projects not | I-14(c) | 1362577.00 |

| | | | |
|---|---|---|---|
| | included in | | |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 28393530.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 10154666.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 19500.00 |
| 260000000 | Grants, Contributions & Compensation from Own Fund / | 1-15 | 10000.00 |
| | Subsidies | | |
| | Total Expenditure | | 77640309.00 |
| | Gross Surplus/ Deficit of income over Expenditure | | 19122595.00 |
| 280000000 | Prior Period Item | I-18 | 135937.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 18986658.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |